# ദി ഡിഫെൻഡർ

Vol. No. 11 Issue No. 7 RNI Reg. No. 68089 / 97 Published From Perumbavoor 2008 April 1 Price: Rs.100/- P.A.

## എം.എസ്.സാമുവൽ കള്ളനു കഞ്ഞിവയ്ക്കുന്നു



അധികാരക്കൊതിമൂത്ത് എം.എസ് സാമുവൽ കള്ളന് കഞ്ഞിവെയ്ക്കുന്ന സ്ഥിതിയിലെത്തിയിരിക്കുന്നു. ഐ.പി.സിയുടെ പ്രസിഡന്റാകാനുള്ള തന്റെ ശ്രമത്തിന് എല്ലാവിധ സഹായവും വാഗ്ദാനം ചെയ്ത തട്ടിപ്പുവീരന് അമേരിക്ക സന്ദർശിക്കാനുള്ള വിസ സംഘടിപ്പിച്ചുകൊടുക്കാൻ എം.എസ്.സാമുവലിന് രണ്ടുവട്ടം ആലോചിക്കേണ്ടിവന്നില്ല.

ഐ.പി.സിയുടെ ജനറൽ പ്രസിഡന്റാകാൻ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ എം.എസ്.സാമുവൽ ഒരു ശ്രമം നടത്തിയതാണ്. പക്ഷേ വേണ്ടത്ര മുൻകരുതൽ ഇല്ലാതെപോയതുകൊണ്ട് അടവു ഫലിച്ചില്ല. തന്ത്രശാലിയായ കെ.സി.ജോൺ ആ കസേര തട്ടിയെടുത്തു. പക്ഷേ ഇത്തവണ അങ്ങനെ സംഭവിക്കാതിരിക്കാനുള്ള ശ്രമം ആരംഭിച്ചുകഴിഞ്ഞു.

പോരാടേണ്ടതു കെ.സി.ജോണുമായിട്ടായതുകൊണ്ട് കെ.സി.ജോണുമായി ശത്രുതയുള്ളവരുടെ സഹായം തേടുകയാണ് അഭികാമ്യം. അങ്ങനെയുള്ള ഒരാളെ അന്വേഷിച്ചുകണ്ടെത്തി. ഈ സഹായിക്ക് കെ.സി.ജോണിനോടു തീർത്താൽ തീരാത്ത പകയുണ്ട്. ഏതാനും വർഷം മുൻപ് കെ.സി. ജോൺ ഈ സഹായിക്ക് ഒരു വിസ കൊടുത്ത് ഗൾഫിൽ വിട്ടശേഷം ഇദ്ദേഹത്തിന്റെ ഭാര്യയുമായി അവിഹിതബന്ധം പുലർത്തി. ആ വകയിൽ ലഭിച്ച കൊച്ചിനെ സ്വന്തം കുട്ടിയേപ്പോലെ ഇയാൾക്ക് വളർത്തേണ്ടതായും വന്നിരിക്കുന്നു. ഈ ചതിക്ക് പകരം വീട്ടാൻ അവസരം നോക്കിയിരിക്കുമ്പോഴാണ് ഇദ്ദേഹം എം.എസ്. സാമുവലുമായി പരിചയത്തിലാകുന്നത്. അങ്ങനെ അവർ തമ്മിൽ ഒരു ഉടമ്പടിയുണ്ടാക്കി. പണം കൊണ്ട് എം.എസ്.സാമുവൽ ഇയാളെ സഹായിക്കും. കെ.സി.ജോണിനെ താഴെയിറക്കി എം.എസ്.സാമുവലിനെ പ്രസിഡന്റാക്കാൻ ഇയാളും സഹായിക്കും.

ഒരു ബോണസ്സ് എന്ന നിലക്ക് എം.എസ്. ഇയാൾക്ക് ഈയിടെ ഒരു സ്പോൺസർ ലറ്റർ കൊടുത്തു. അതുപയോഗിച്ച് ഇയാൾ അമേരിക്കൻ വിസയും സംഘടിപ്പിച്ചുകഴിഞ്ഞു. ഈ കള്ളൻ ഉടൻ അമേരിക്കയിലെത്തും. അമേരിക്കയിലുള്ള ദൈവമക്കൾ സൂക്ഷിക്കുക.

## ആഭരണം ധരിക്കുന്നതിൽ തെറ്റില്ലെന്നു വൽസൻ



വിശ്വാസികൾ ആഭരണം ധരിക്കുന്നതിൽ തെറ്റില്ലെന്ന് ഐ.പി.സിയുടെ ജനറൽ സെക്രട്ടറിയായ വൽസൻ ഏബ്രഹാം വ്യക്തമാക്കി. ആഭരണം ധരിക്കുന്നത് ഐ.പി.സിയുടെ ഭരണഘടന വിലക്കുന്നില്ലെന്നും ആഭരണം ധരിക്കുന്നവർക്ക് തിരുവത്താഴം വിലക്കാൻ ഐ.പി.സി കേരള പ്രസ്ബിറ്ററി തീരുമാനമെടുത്തത് ഏതു സാഹചര്യത്തിലാണെന്ന് അറിഞ്ഞുകൂടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ജി.എം.ന്യൂസ് എന്ന ഓൺലൈൻ വാർത്താ പത്രത്തോടാണ് വൽസൻ തന്റെ നിലപാടു വ്യക്തമാക്കിയത്. ഇതുമായി ബന്ധപ്പെട്ട് ജി.എം. ന്യൂസ് പ്രസിദ്ധീകരിച്ച വാർത്ത ആറാം പേജിൽ വായിക്കുക.

മാത്യു ചെമ്പുകണ്ടത്തിൽ റിപ്പോർട്ട് ചെയ്ത വാർത്തയിൽ ഇപ്രകാരം പറയുന്നു: ''ലണ്ടൻ (മാർച്ച് 24, 2008): ആഭരണം ധരിക്കുന്നവർ സഭയിൽ അംഗങ്ങളാകാൻ പാടില്ലെന്ന കേരള ഐ.പി.സി റീജയന്റെ തീരുമാനം ഐപിസിയുടെ ഭരണഘടനയിൽ ഉൾപ്പെട്ട കാര്യമല്ലെന്ന് ഐപിസി ജനറൽ സെക്രട്ടറി ഡോ.വൽസൻ ഏബ്രഹാം. ഐ.പി.സി കേരള ഘടകം പ്രസ്തുത തീരുമാനമെടുത്ത ആ ചർച്ചയിൽ ഞാൻ പങ്കെടുത്തിരുന്നില്ല. അതിനാൽ എന്ത് സാഹചര്യത്തിലാണ് ആ തീരുമാനമെടുത്തതെന്ന് എനിക്ക് അറിയില്ല, ഡോ.വൽസൻ ദി ജി.എം. ന്യൂസിനോടു പറഞ്ഞു.

''വിശ്വാസികൾ ആഭരണം ഇടുവാൻ പാടില്ല എന്നതിനെ ബിബ്ലിക്കൽ ആയി താൻ കാണുന്നില്ലെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യൻ ജനത ആഭരണങ്ങളോടു അതിയായ ആഗ്രഹമുള്ളവരാണെന്നു കണ്ടതിനാൽ ഇതിനു വിരുദ്ധമായി പൂർവ്വപിതാക്കൻമാർ എടുത്ത തീരുമാനമായിരുന്നു വിശ്വാസികൾ സ്വർണ്ണം ധരിക്കുവാൻ പാടില്ല എന്നത്. ഇന്ന് ഈ തീരുമാനത്തിനു പ്രസക്തിയില്ല. ഈ കാലത്ത് ഇന്റർനെറ്റ്, ടെലിവിഷൻ എന്നിവ യുവജനങ്ങളെ അടിമകളാക്കുമ്പോൾ അതിന്റെ ദോഷമാണ് നാം പഠിപ്പിച്ചു കൊടുക്കേണ്ടത്. ദിവസത്തിൽ അഞ്ചും ആറും മണിക്കൂർ ടെലിവിഷനു മുന്നിൽ ചെലവഴിക്കുന്ന മാതാപിതാക്കൾക്ക് സ്വർണ്ണം ഉപേക്ഷിക്കുന്നതാണ് പ്രധാനമെന്ന് മക്കളോടു പറയാൻ കഴിയുമോ, അദ്ദേഹം ചോദിച്ചു.''

വല്ല്യപ്പനായ കെ.ഇ.ഏബ്രഹാം പൊളിച്ചതെല്ലാം പണിയുന്ന തിരക്കിലാണ് കൊച്ചുമോനായ വൽസൻ ഇപ്പോൾ. അഞ്ചു രൂപയുടെ ബാങ്ക് ബാലൻസ് മാത്രം നിക്ഷേപമായുണ്ടായിരുന്ന വല്ല്യപ്പന്റെ കൊച്ചുമകന് കോടികളുടെ ബാങ്ക് നിക്ഷേപമുണ്ട്. വൽസന്റെ അപ്പനായ ടി.എസ്.ഏബ്രഹാം ഏറ്റവും വലിയ നിക്ഷേപകനുള്ള അവാർഡ് വരെ വാങ്ങി. വെള്ളപ്പശുവിന്റെ പാലുവേണ്ട എന്നു പറഞ്ഞവരുടെ പിൻതലമുറ വെള്ളപ്പശുവിനോടൊപ്പമാണ് സ്ഥിരവാസം.

ക്രിസ്തുമസ്സും ഈസ്റ്ററും മറ്റും ജാതീയദേവൻമാരുടെ ഉത്സവങ്ങളാണെന്നു പറഞ്ഞ കെ.ഇ.ഏബ്രഹാമിന്റെ കൊച്ചുമകൻ ഇന്ത്യാക്കാർക്കുവേണ്ടി സായിപ്പിനോടു ക്രിസ്തുമസ്സ് സമ്മാനം ചോദിക്കുന്നു. (Visit: http://indiago.org/index.php?action=website-view&WebSiteID=38&WebPageID=2701). റവറന്റൻമാരെ പരിഹസിച്ചവരുടെ പിൻതലമുറയിൽ റവറന്റൻമാർ സർവ്വത്ര. വല്ല്യപ്പൻ സീയോനിലെ കാഹളം ഊതി. കൊച്ചുമോൻ സ്വന്തം കാഹളമൂതി. തട്ടിപ്പു വെളിച്ചത്തായപ്പോൾ ഊത്തുനിർത്തി.

സ്വന്തം ആവശ്യത്തിന് ചിലർ നൽകിയ പണം സഭക്ക് കൊടുത്തില്ല എന്ന കുറ്റം ചുമത്തി വല്ല്യപ്പൻ കെ.സി.ചെറിയാനെ മഹറോൻ ചൊല്ലി. കൊച്ചുമോൻ സുവിശേഷത്തിന്റെ പേരിൽ പണം പിരിച്ച് സ്വന്തം കീശ നിറയ്ക്കുന്നു, റബ്ബർ തോട്ടം വാങ്ങുന്നു. അല്പം തപ്പിത്തടഞ്ഞാണെങ്കിലും ഇംഗ്ലീഷ് പറയാൻ കഴിഞ്ഞതിൽ വല്ല്യപ്പൻ സന്തോഷിച്ചു. അബദ്ധത്തിൽ പോലും മലയാളം പറയാൻ കഴിയാത്തതിൽ കൊച്ചുമോൻ സന്തോഷിക്കുന്നു.

ഐ.പി.സിക്കാർ ആഭരണം ധരിക്കയോ ധരിക്കാതിരിക്കയോ ചെയ്തുകൊള്ളൂ. പക്ഷേ ദയവായി സഭയുടെ ഔദ്യോഗിക നിലപാട് ഔദ്യോഗികമായിത്തന്നെ വ്യക്തമാക്കണം. വീണിടത്തുകിടന്ന് ഉരുളരുത്.

## ബില്ലി ഗ്രഹാമിനും വഴി തെറ്റുന്നോ?



വലിയ ദുഷ്പേരൊന്നും കേൾപ്പിക്കാതെ ദൈവവേല ചെയ്ത ആളാണ് ബില്ലി ഗ്രഹാം. പക്ഷേ ജീവിതസായാഹ്നത്തിൽ ബില്ലി ഗ്രഹാമിനും വഴി തെറ്റുകയാണോ? 'വഴിതെറ്റുന്നു' എന്നു കേൾക്കുമ്പോൾ ദുർന്നടപ്പുകേസ്സിൽ അകപ്പെട്ടു എന്ന് ആരും തെറ്റിദ്ധരിക്കരുത്. അത്തരം കുഴപ്പങ്ങളിലൊന്നും ബില്ലി ഗ്രഹാം ചെന്നു ചാടിയിട്ടില്ല. പക്ഷേ ദൈവവചനത്തിൽ വ്യക്തമായി പറഞ്ഞിരിക്കുന്നതും ആത്മരക്ഷയുമായി ബന്ധമുള്ളതുമായ ഒരു സുപ്രധാന വിഷയത്തിൽ ബില്ലി ഗ്രഹാം വിപരീതോപദേശം പറയുന്നു എന്നതാണ് പ്രശ്നം.

കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിക്കാതെ ആരും രക്ഷിക്കപ്പെടുകയില്ലെന്ന് ബൈബിൾ സംശയത്തിന് ഇടനൽകാത്തവിധം വ്യക്തമാക്കുന്നുണ്ട്. അടുത്ത കാലം വരെ ബില്ലി ഗ്രഹാം ഈ വസ്തുത പ്രസംഗിക്കയും ചെയ്തിരുന്നു. പക്ഷേ ഇപ്പോൾ ബില്ലി ഗ്രഹാം തന്റെ നിലപാട് മാറ്റിയിരിക്കുന്നു. ക്രിസ്തുവിനെ സ്വീകരിക്കാത്തവർ മാത്രമല്ല ക്രിസ്തുവിനേക്കുറിച്ച് കേട്ടിട്ടുപോലുമില്ലാത്തവരും രക്ഷിക്കപ്പെടുമെന്ന് ബില്ലി ഗ്രഹാം പറയുന്നു. ഡിഫെൻഡർ കള്ളം പറയുകയാണെന്ന് സംശയിക്കുന്നവർ ദയവായി താഴെ കാണുന്ന ലിങ്കുകളിലുള്ള

http://youtube.com/watch?v=Bx29MRL4L6c
http://youtube.com/watch?v=axxlXy6bLH0
http://youtube.com/watch?v=mC2WPR7q4pU
http://youtube.com/watch?v=F9DtBHeRP1Q&feature=related

വീഡിയോകൾ കാണുക. ബില്ലി ഗ്രഹാം എന്താണു പറയുന്നതെന്ന് നേരിട്ടറിയുക.

പ്രായക്കൂടുതൽ മൂലം ബുദ്ധി ക്ഷയിച്ച് ബില്ലി ഗ്രഹാം എന്തോ അബദ്ധം പറഞ്ഞതാണെന്ന് കരുതാനും ന്യായമില്ല. കാരണം, പത്തു വർഷം മുൻപ്, കൃത്യമായി പറഞ്ഞാൽ 1997 മെയ് 31ന്, ബില്ലി ഗ്രഹാം ഇതേ നിലപാട് സ്വീകരിച്ചിരുന്നു. യേശുവിനേക്കുറിച്ചു കേട്ടിട്ടില്ലാത്തവർ പോലും നിത്യജീവന് അവകാശികളാകുമെന്നാണ് അന്ന് ഗ്രഹാം പറഞ്ഞത്. അതുതന്നെ ഇപ്പോഴും പറയുന്നു.

ക്രിസ്തുവിനെ അറിയാത്തവരും നിത്യജീവൻ പ്രാപിക്കുമെങ്കിൽ ജീവിതകാലം മുഴുവൻ ബില്ലിഗ്രഹാം സുവിശേഷം പ്രസംഗിച്ചതെന്തിനെന്ന ചോദ്യത്തിനുമാത്രം ഉത്തരമില്ല.

## സി.ഡി സൗജന്യ നിരക്കിൽ

വിശ്വാസികൾ അറിഞ്ഞിരിക്കേണ്ട സുപ്രധാന ഉപദേശ വിഷയങ്ങളായ വീണ്ടുംജനനം, വിശ്വാസസ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, തിരുവത്താഴം, പ്രാർത്ഥന, കൂട്ടായ്മ, വിശ്വാസജീവിതം എന്നിവ അടങ്ങുന്നതും 10 മണിക്കൂർ ദൈർഘ്യമുള്ളതുമായ എം.പി.3 സി.ഡി സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നു. (വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ എന്ന സി.ഡി പരമ്പരയിലെ ആദ്യ സി.ഡിയാണിത്. 100 രൂപ വിലയുള്ള ഈ സി.ഡി ഇപ്പോൾ താഴെ പറയുന്ന നിരക്കിൽ ലഭിക്കുന്നതാണ്. (പോസ്റ്റേജ് സൗജന്യം).

ഒരു സി.ഡി – 50 രൂപ. മൂന്നു കോപ്പികൾക്ക് 100 രൂപ മാത്രം. 250 രൂപക്ക് 10 കോപ്പികൾ ലഭിക്കുന്നു. 1000 രൂപക്ക് 50 കോപ്പികൾ.

രക്ഷിക്കപ്പെടാത്തവർ, ആത്മീയ ശിശുക്കൾ തുടങ്ങിയവർക്ക് വിതരണം ചെയ്യാനാണ് ഈ സി.ഡി ഇപ്രകാരം വിലകുറച്ചു കൊടുക്കുന്നത്. (വീട്ടിൽ ഒരു ബൈബിൾ സ്കൂൾ, പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങൾ എന്നീ പരമ്പരയിലെ മറ്റു സി.ഡികൾക്ക് ഈ സൗജന്യം ലഭ്യമല്ല). സി.ഡി ആവശ്യമുള്ളവർ റ്റി.എസ്.ബാലന്റെ വിലാസത്തിൽ പണം അയക്കുക. നിങ്ങളുടെ വിലാസവും ഫോൺ നമ്പറും എഴുതാൻ പ്രത്യേകം ശ്രദ്ധിക്കുക.

കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക: 94474 14608

ദി ഡിഫെൻഡർ

Vol. No.11 Issue No. 7 2008 April 1

# വിശ്വാസം കണ്ടെത്തുമോ?

മനുഷ്യപുത്രൻ വരുമ്പോൾ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ എന്ന സംശയത്തിന്റെ പൊരുൾ ബില്ലി ഗ്രഹാമിന്റെ ചുവടുമാറ്റത്തോടെ കൂടുതൽ വ്യക്തമാകുന്നു. ഉപദേശത്തിലും ജീവിതത്തിലും കറപുരളാത്ത വ്യക്തിയായിരുന്നു ബില്ലി ഗ്രഹാം. പക്ഷേ കുറഞ്ഞപക്ഷം ഉപദേശത്തിലെങ്കിലും അദ്ദേഹത്തിന് തെറ്റിയെന്ന് ഇപ്പോൾ വ്യക്തമാകുന്നു.

യേശുക്രിസ്തുവിനേക്കുറിച്ച് കേട്ടിട്ടുപോലുമില്ലാത്തവർക്കുവരെ രക്ഷ പ്രാപിക്കാൻ കഴിയുമെങ്കിൽ സുവിശേഷപ്രവർത്തനമെന്തിന്? ഭൂലോകമൊക്കെ പോയി സുവിശേഷം അറിയിക്കുന്നതെന്തിന്? സകല മനുഷ്യവർഗ്ഗത്തിന്റേയും പാപം പരിഹരിക്കാനാണ് കർത്താവായ യേശുക്രിസ്തു ക്രൂശിൽ മരിച്ചതെന്നത് സത്യം തന്നെ. ദൈവം ഏവരേയും സ്നേഹിക്കുന്നു എന്നതിനും സംശയമില്ല. പക്ഷേ കർത്താവായ യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കാതെ രക്ഷ പ്രാപിക്കാൻ കഴിയുമെന്ന് ദൈവവചനം പ്രത്യക്ഷമായോ പരോക്ഷമായോ പറയുന്നില്ല. തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്നവർ നശിച്ചു പോകയില്ലെന്നും നിത്യജീവൻ പ്രാപിക്കുമെന്നും മാത്രമേ ബൈബിൾ പറയുന്നുള്ളൂ.

യേശുക്രിസ്തുവിൽ വിശ്വസിക്കാത്തവർ നിത്യജീവൻ പ്രാപിക്കയില്ല എന്ന് താൻ പറയുകയില്ല എന്ന് ബില്ലി ഗ്രഹാം പറയുന്നു. ''ബൈബിൾ പറയുന്നു...'' എന്ന് പ്രസംഗത്തിലൂടനീളം ആവർത്തിച്ചിരുന്ന ബില്ലി ഗ്രഹാമിന് ''വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും എന്ന് ബൈബിൾ പറയുന്നു'' എന്നു പറയാൻ ശങ്കിക്കേണ്ടതില്ല. പക്ഷേ എന്തുകൊണ്ടോ അദ്ദേഹം അതിനു തയ്യാറാകുന്നില്ല. ദൈവവചനം വ്യക്തമായി പറയുന്ന വസ്തുത തുറന്നു പറയാൻ ബില്ലി ഗ്രഹാമിന് കഴിയാതായിരിക്കുന്നു.

വിശ്വാസവീരൻമാരെന്നു പേരെടുത്തവർ ഇങ്ങനെ വീണടിയുന്നത് അത്യന്തം ദു:ഖകരമാണ്. പക്ഷേ എല്ലാക്കാലത്തും ഇങ്ങനെ സംഭവിക്കുന്നു. ഇനിയും സംഭവിക്കും. ദൈവവചനത്തിൽ വ്യക്തമായി പറഞ്ഞിരിക്കുന്ന കാര്യങ്ങൾ അർഹിക്കുന്ന ഗൗരവത്തിൽ എടുക്കാത്തവർക്കെല്ലാം ഇതുപോലുള്ള വീഴ്ചകളുണ്ടാകും. വിശ്വാസം കേഴ്‌വിയാലും കേഴ്‌വി ദൈവത്തിന്റെ വചനത്താലും വരുന്നു എന്ന് ബൈബിൾ പറയുന്നു. പക്ഷേ ദൈവവചനത്തിൽ അധിഷ്ഠിതമല്ലാത്ത വിശ്വാസം രക്ഷക്കു കാരണമാകുകയില്ല. ബില്ലി ഗ്രഹാം വീഴാൻ ഇതുതന്നെ കാരണം.

# സത്യം സത്യമായി

ഒരു ഉപാധിയുമില്ലാതെയാണ് ലീഡറും കൂട്ടരും കോൺഗ്രസ്സിൽ മടങ്ങിയെത്തിയത്. പക്ഷേ ഇപ്പോൾ കോൺഗ്രസ്സിന്റെ പകുതി തങ്ങളുടേതാണെന്നും അതുകൊണ്ട് എല്ലാ കസേരയുടേയും പകുതി കിട്ടണമെന്നും ശഠിക്കുന്നു. വന്നത് ഉപാധിയില്ലാതാണെങ്കിലും വന്നു കഴിഞ്ഞാൽ കസേര വേണം. ഇത് തലേദിവസം പറയേണ്ട കാര്യമായിരുന്നു എന്നതിനു സംശയമില്ല. പക്ഷേ ഇതൊക്കെ ആദ്യംതന്നെ പറഞ്ഞിരുന്നെങ്കിൽ അകത്തേക്കു കയറാൻ പറ്റുമായിരുന്നില്ല.

കോൺഗ്രസ്സിൽ ഇപ്പോഴും ഐ ഗ്രൂപ്പിനാണ് മുൻതൂക്കം എന്ന് ലീഡർജി പറയുന്നു. അപ്പോൾ കോൺഗ്രസ്സിൽ ഗ്രൂപ്പില്ലെന്നു പറയുന്നതിന്റെ ഗുട്ടൻസ് എന്താണ്? കോൺഗ്രസ്സിൽ ഉണ്ടായിരുന്നതിലധികം ആളുകളുമായാണ് താൻ മടങ്ങിയെത്തിയതെന്നത്രേ ലീഡർ അർത്ഥമാക്കുന്നതെന്നു തോന്നുന്നു. ഇങ്ങനെയൊക്കെ പറയാനുള്ള സ്വാതന്ത്ര്യം കോൺഗ്രസ്സിലല്ലാതെ മറ്റൊരു പാർട്ടിയിലുമില്ല.

ഒറ്റയ്ക്കു മത്സരിക്കേണ്ടിവന്നാലും കോൺഗ്രസ്സുമായി ഒരു ബന്ധത്തിനുമില്ലെന്ന് മുരളീധർജി ആണയിടുന്നു. കോൺഗ്രസ്സുമായി ബന്ധപ്പെടാൻ ഈ ചങ്ങാതിയെ ആരോ നിരന്തരം നിർബ്ബന്ധിക്കയാണെന്നുതോന്നും ഈ പ്രഖ്യാപനം കേട്ടാൽ. മോരില്ലേൽ ശകലം ഉണ്ടേക്കാം എന്നാണ് ഈ പറയുന്നതിന്റെ പൊരുൾ എന്ന് മനസ്സിലാക്കാൻ സാമാന്യബുദ്ധി മതി. പക്ഷേ വലിഞ്ഞു കയറി വന്ന് ഉണ്ണാനിരുന്നാലും പ്രയോജനമില്ലാത്ത സ്ഥിതിയാണ് ഇപ്പോഴുള്ളത്. മസാലദോശ ചോദിക്കുമ്പോൾ ഒപ്പമെത്തുന്ന വട പോലെ ലീഡർ എത്തുമ്പോൾ മുരളിയുമെത്തുമെന്ന ഭയമായിരുന്നു കോൺഗ്രസ്സുകാർക്കുണ്ടായിരുന്നത്. പക്ഷേ വട വരുന്നില്ലെന്നറിഞ്ഞപ്പോൾ അവർക്കുണ്ടായ സന്തോഷം ചെറുതായിരുന്നില്ല. സ്ഥിതി ഇതായിരിക്കെ താൻ കോൺഗ്രസ്സിലേക്കില്ലെന്ന് മുരളി നാഴികയ്ക്കു നാല്പതു വട്ടം പറയേണ്ടതില്ല.

ചങ്കെടുത്തു കാണിച്ചപ്പോൾ ചെമ്പരത്തിപ്പൂവാണെന്നു പറഞ്ഞെന്ന് മുരളി പരാതിപ്പെടുന്നു. അച്ഛനുമായുള്ള ബന്ധം പൂർണ്ണമായും ഉപേക്ഷിച്ചിട്ടും എൽ.ഡി.എഫ് കനിയാത്തതിലുള്ള ദു:ഖമാണ് മുരളി പഴഞ്ചൊല്ലിന്റെ അകമ്പടിയോടെ പ്രകടിപ്പിക്കുന്നത്. എന്നാൽ ഇതൊന്നും കേട്ട ഭാവം പോലും ഇടതു മുന്നണിക്കില്ല. ഇക്കണക്കിനു പോയാൽ മുരളിയുടെ കാര്യം കട്ടപ്പുകതന്നെ.

പണ്ടേ ദുർബ്ബല, ഇപ്പോൾ ഗർഭിണിയും എന്നു പറഞ്ഞതുപോലെയാണ് ജോസ് ഗ്രൂപ്പിന്റെ കാര്യം. രണ്ടു വർഷമായിട്ട് പാർട്ടിയിൽ എന്നും പ്രശ്നങ്ങളാണ്. മൂന്നാമത്തെ മന്ത്രിയാണ് ഇപ്പോൾ ഭരണം നടത്തുന്നത്. മന്ത്രിയെ കണ്ടെത്താൻ നറുക്കെടുപ്പുപോലും വേണ്ടിവന്നു. പാർലമെന്റ് തെരഞ്ഞെടുപ്പു വരുന്നതോടെ ഗ്രൂപ്പിൽ ഉരുൾ പൊട്ടലുണ്ടാകുമെന്നു തീർച്ച. നിലവിൽ രണ്ട് എം.പിമാരുള്ള പാർട്ടിയാണ് ജോസഫ് ഗ്രൂപ്പ്. പക്ഷേ എൽ.ഡി.എഫ് ഒരു സീറ്റ് മാത്രമേ കൊടുക്കൂ എന്നു തീർച്ച. സിറ്റിംഗ് എം.പിമാരിൽ ആർക്കു കൊടുക്കും ആ സീറ്റ്? എൽ.ഡി.എഫിന്റെ വോട്ടോടെ എം.പിയായ ആൾ തന്റെ അവകാശം ഒഴിഞ്ഞുകൊടുക്കുമോ? എൽ.ഡി.എഫിനേയും യു.ഡി.എഫിനേയും ഒന്നുപോലെ എതിർത്ത് വിജയിച്ച പി.സി.തോമസ് വിടുമോ? ജോസഫ് ആരെ തുണയ്ക്കും? സീറ്റു കിട്ടിയില്ലെങ്കിൽ തോമസും കൂട്ടരും പഴയ ഐ.എഫ്.ഡി.പി പുറത്തെടുക്കാനുള്ള സാദ്ധ്യതയും തള്ളിക്കളയാനാവില്ല.

രാഷ്ട്രീയത്തിന്റെ ആഴത്തിലേക്കു ചാടാൻ താറും പാച്ചി നിൽക്കുന്ന കെ.സി.ജോണും കൂട്ടരും ഏതു മുന്നണിയുമായി സഹകരിക്കുമെന്ന് നാളിതുവരെ വ്യക്തമായിട്ടില്ല. പെന്തക്കോസ്ത് പാർട്ടിയുടെ ശക്തി എത്രത്തോളമുണ്ടെന്നു കാണാത്തതുകൊണ്ട് ഒരു മുന്നണിയും പിൻതുണ തേടി എത്തിയിട്ടുമില്ല. പക്ഷേ അതിനു മുൻപുതന്നെ പാളയത്തിൽ പട തുടങ്ങിയിരിക്കുന്നു. പി.സി.ഐ ഈ പരിപാടിയുമായി സഹകരിക്കില്ലെന്നു പ്രഖ്യാപിച്ചതോടെ വൈസ് പ്രസിഡന്റായ വടക്കേക്കുറ്റിന് ആ സ്ഥാനത്തു തുടരാൻ പറ്റുമോ എന്നും സംശയമായിരിക്കുന്നു.

## ഈ വചനം വിശ്വാസയോഗ്യമാകുന്നു......

(യെഹ. 33: 2-7)

ഞാൻ ഒരു ദേശത്തിന്റെ നേരെ വാൾ വരുത്തുമ്പോൾ, ആ ദേശത്തിലെ ജനം തങ്ങളുടെ കൂട്ടത്തിൽനിന്ന് ഒരു പുരുഷനെ തിരഞ്ഞെടുത്തു കാവല്ക്കാരനാക്കിവച്ചാൽ, ദേശത്തിന്റെ നേരെ വാൾ വരുന്നതു കണ്ടിട്ട് അവൻ കാഹളം ഊതി ജനത്തെ ഓർമ്മപ്പെടുത്തുമ്പോൾ ആരെങ്കിലും കാഹളനാദം കേട്ട് കരുതിക്കൊള്ളാതെ ഇരുന്നാൽ, വാൾ വന്ന് അവനെ ഛേദിച്ചുകളയുന്നു എങ്കിൽ അവന്റെ രക്തം അവന്റെ തലമേൽ തന്നേ ഇരിക്കും. അവൻ കാഹളനാദം കേട്ടിട്ട് കരുതിക്കൊണ്ടില്ല; അവന്റെ രക്തം അവന്റെമേൽ ഇരിക്കും; കരുതിക്കൊണ്ടിരുന്നുവെങ്കിൽ അവൻ തന്റെ പ്രാണനെ രക്ഷിക്കുമായിരുന്നു. എന്നാൽ കാവല്ക്കാരൻ വാൾ വരുന്നതു കണ്ട് കാഹളം ഊതാതെയും ജനം കരുതിക്കൊള്ളാതെയും ഇരുന്ന വാൾ വന്ന് അവരുടെ ഇടയിൽനിന്ന് ഒരുത്തനെ ഛേദിച്ചുകളയുന്നു എങ്കിൽ, ഇവൻ തന്റെ അകൃത്യംനിമിത്തം ഛേദിക്കപ്പെട്ടുപോയി എങ്കിലും അവന്റെ രക്തം ഞാൻ കാവല്ക്കാരനോടു ചോദിക്കും. അതുപോലെ മനുഷ്യപുത്രാ, ഞാൻ നിന്നെ യിസ്രായേൽഗൃഹത്തിനു കാവല്കാരനാക്കി വച്ചിരിക്കുന്നു; നീ എന്റെ വായിൽനിന്ന് വചനം കേട്ട് എന്റെ നാമത്തിൽ അവരെ ഓർമ്മപ്പെടുത്തണം.

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:* **www.tsbalan.com**

ബൈബിൾ റേഡിയോ

**www.thebibleradio.com**

**For more Details: tsbalan@yahoo.com**

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ: 1000 രൂപ
വിദേശം: (വാർഷിക വരിസംഖ്യ)
അമേരിക്ക: 30 ഡോളർ
മറ്റു രാജ്യങ്ങൾ: 800 രൂപ

Address:
T.S.Balan, Anand Bhavan,
Near: KSRTC, Perumbavoor P.O., Ernakulam - 683542.

(ചെക്ക്/ഡി.ഡി. അയയ്ക്കുന്നവർ റ്റി.എസ്.ബാലൻ എന്ന പേരെഴുതി അയയ്ക്കുക. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല)

## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

ചാരിറ്റബിൾ ട്രസ്റ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവ ഉണ്ടാക്കാൻ ആഗ്രഹിക്കുന്നവർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നു.
ട്രസ്റ്റ് ഡീഡ്/സൊസൈറ്റിയുടെ ബൈലോ ഉണ്ടാക്കി കൊടുക്കുന്നു.
ആദായനികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ വിവരങ്ങൾ നൽകുന്നു.
കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

Address:
T.S.Balan, Anand Bhavan,
Near: KSRTC, Perumbavoor P.O.,
Ernakulam - 683542.
ഫോൺ: **0484-3232356. Mob: 9447414608**

# ഖത്തറിലുമുണ്ടോ ബോംബെ?

ജപ്പാനിൽ കൊച്ചിയുണ്ടെന്നു കേട്ടിട്ടുണ്ട്. അതുപോലെ ഖത്തറിൽ ബോംബെ എന്നൊരു സ്ഥലമുണ്ടോ? എന്താ ഇപ്പോൾ ഇങ്ങനെയൊരു സംശയം തോന്നാൻ കാരണമെന്നു ചോദിച്ചേക്കാം.

ഡിഫെൻഡറിന്റെ 2007 ഒക്ടോബർ 16 ലക്കം മൂന്നാം പേജിൽ ''വിവരദോഷി പാസ്റ്ററായാൽ'' എന്നൊരു വാർത്തയുണ്ടായിരുന്നു. ആ വാർത്തയുമായി ബന്ധപ്പെട്ടതാണ് കഥ. ഐ.പി.സി ചിറ്റൂർ കോട്ടേകുളം സഭയിൽ സി.ഐ.കുര്യനായിരുന്നു പാസ്റ്റർ. അയാൾ അമേരിക്കയ്ക്കു പോയപ്പോൾ സി.കെ.മാത്യുവെന്ന പുത്രന് ചാർജ് കൊടുത്തു. തുടർന്നുണ്ടായ പ്രശ്നങ്ങൾ ഒക്ടോബർ 16 ലക്കത്തിലുണ്ട്. പിതാവ് മടങ്ങിവന്നിട്ടും പുത്രൻ സഭയുടെ ചാർജ് പിതാവിനു കൊടുത്തില്ല. ഒടുവിൽ നേതൃത്വം ഇടപെട്ട് പിതാവിനെ ചാർജ് ഏല്പിച്ചു. പുത്രൻ സുവിശേഷ പര്യടനത്തിനായി ബോംബെക്കു പോയി. മൂന്നാഴ്ച കഴിഞ്ഞ് മടങ്ങി വരുകയും ചെയ്തു. ശുഭം.

ഇതിലെന്താണപ്പാ വാർത്ത എന്നു ചോദിച്ചേക്കാം. വാർത്തയുണ്ട്. പുത്രനായ സി.കെ.മാത്യു ബോംബെയിലാണെന്ന് പിതാവും താൻ ബോംബെയിലായിരുന്നെന്ന് പുത്രനും പറയുന്ന സമയത്ത് ഇയാൾ ഖത്തറിലായിരുന്നു. ഖത്തറിലുള്ള അമ്മായിയപ്പന്റെ സഹായത്തോടെ ഒരു വിസ സംഘടിപ്പിച്ച് ഖത്തർ പര്യടനം നടത്തി. ഉരുൾപൊട്ടലുണ്ടായി സഭാഹാളും തന്റെ സകല സമ്പാദ്യവും നഷ്ടമായെന്ന് (ആന്ധ്രാ അഭയാർത്ഥി മോഡലിൽ) പച്ചക്കള്ളം പറഞ്ഞ് ഇയാൾ പണം പിരിക്കാൻ ശ്രമിച്ചു. പക്ഷേ കാര്യമായൊന്നും കിട്ടിയില്ല. അതുകൊണ്ട്, ഭാര്യക്ക് സുഖമില്ലാത്തതിനാൽ മടങ്ങുന്നു എന്നു കള്ളം പറഞ്ഞ്, 21 ദിവസം കഴിഞ്ഞ് മടങ്ങി. ഖത്തറിൽ ബോംബെയുണ്ടോ എന്നു സംശയിച്ചതിന്റെ ഗുട്ടൻസ് പിടികിട്ടിയോ?

# നെല്ലിക്കുന്ന് വിശേഷങ്ങൾ

തൃശൂരിലെ നെല്ലിക്കുന്ന് ഐ.പി.സിയിൽ പ്രശ്നങ്ങൾ ഒഴിഞ്ഞ നേരമില്ല. ഇപ്പോഴത്തെ പാസ്റ്ററായ സി.വി മത്തായിയും സെന്റർ പാസ്റ്ററായ ജോസഫ് ജോർജും (രാജു) ചേർന്നാണ് സകലവിധ പ്രശ്നങ്ങളും ഉണ്ടാക്കുന്നത്. കഴിഞ്ഞ ചില മാസങ്ങളായി അവിടെ നടക്കുന്നതൊക്കെ എഴുതാൻ ഡിഫെൻഡറിന്റെ എട്ടു പേജുകൾ മതിയാകില്ല. അതുകൊണ്ട് ഏറ്റവും പുതിയ സംഭവവികാസങ്ങൾ മാത്രം പറയാം. മത്തായിയെ സ്ഥലം മാറ്റാൻ സഭ തീരുമാനിച്ചു. സമീപത്തുള്ള വലിയൊരു സഭ മത്തായി നോക്കിവെയ്ക്കുകയും ചെയ്തു. പക്ഷേ മത്തായി അവിടേക്കു വരുമെന്നു മനസ്സിലായതോടെ ആ സഭക്കാർ തങ്ങളുടെ പാസ്റ്റർക്ക് ഈ വർഷം സ്ഥലംമാറ്റം ആവശ്യമില്ലെന്നു തീരുമാനിച്ചു. അതോടെ മത്തായിയും സ്ഥലംമാറ്റം വേണ്ടെന്നുവച്ചു. പക്ഷേ മത്തായിയേ മാറ്റിയേ അടങ്ങൂ എന്നു ശഠിച്ച ചിലർ ഒപ്പുശേഖരണം നടത്തി. വിവരമറിഞ്ഞ മത്തായി ഈ വർഷം സ്ഥലംമാറ്റം വേണ്ടെന്നുള്ളതിന് അനുകൂലമായി ഒപ്പുശേഖരിച്ചു. പാസ്റ്ററെന്നുള്ള അധികാരം വച്ച് ഒപ്പുശേഖരിച്ചതുകൊണ്ട് മത്തായിക്ക് കൂടുതൽ ഒപ്പു കിട്ടി. എന്നാൽ മൂന്നു വർഷം കഴിഞ്ഞതുകൊണ്ടും മത്തായി തുടരുന്നതിൽ എതിർപ്പുള്ളവരുള്ളതുകൊണ്ടും മത്തായി മാറണമെന്ന് കേന്ദ്രം തീരുമാനമെടുത്തു. മത്തായി സമ്മതിച്ചു.

ആരായിരിക്കണം പുതിയ പാസ്റ്റർ എന്നതായി അടുത്ത ചർച്ച. സെന്റർ പാസ്റ്ററായ ജോസഫ് ജോർജ് തന്റെ ഭാര്യയുടെ അനുജത്തിയുടെ ഭർത്താവായ പരമ ഗുണ്ടയുടെ പേര് നിർദ്ദേശിച്ചു. സ്വാഭാവികമായും എതിർപ്പുണ്ടായി. അപ്പോൾ ജോസഫ് ജോർജ് പതിനെട്ടാമത്തെ അടവെടുത്തു. അനുജനെത്തന്നെ പാസ്റ്ററായി വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സഭ ഒരു അപേക്ഷ നൽകുന്നതായി എഴുതിയുണ്ടാക്കി. മത്തായിയെ മാറ്റരുതെന്ന് ആവശ്യപ്പെട്ട് വിശ്വാസികൾ നൽകിയ അപേക്ഷയിലെ ഒപ്പുകളുള്ള കടലാസ് ഈ അപേക്ഷയോടൊപ്പം വച്ച് കേന്ദ്രത്തിൽ കൊടുത്ത് അനുജനെ പാസ്റ്ററാക്കി.




# ഡോക്ടറേറ്റ് വേണ്ടവർക്ക് ഉടൻ വാങ്ങാം

അല്പം അറിയപ്പെടുന്ന പ്രസംഗകർക്കും സഭാനേതാക്കന്മാർക്കും മറ്റും ഈയിടെ ഒരു കത്തുകിട്ടി. ചിലരെ ഫോണിൽ വിളിക്കയും ചെയ്തു. സംഗതി ഇതാണ്: നിങ്ങൾക്ക് ഉടൻ ഡോക്ടറാകാം. നിശ്ചിത തുക തന്നാൽ മാത്രം മതി. വേണ്ടെന്നു പറഞ്ഞവരെ പലതും പറഞ്ഞു പ്രലോഭിപ്പിച്ചു. ഇത് വിലയുള്ള ഡോക്ടറേറ്റാണ്. ദിനകരനും കെ.സി.ജോണും മറ്റും ഡോക്ടറായത് ഈ ഡോക്ടറേറ്റ് വാങ്ങിയാണ്. വില തുച്ഛം, ഗുണം മെച്ചം, ഇതാണ് ഈ ഡോക്ടറേറ്റിന്റെ പ്രത്യേകത.

സംശയിക്കേണ്ട, ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചർച്ച് മാനേജ്മെന്റ് എന്ന സ്ഥാപനത്തിൽ നിന്നാണ് അറിയിപ്പ്. ഏപ്രിൽ – മെയ് മാസങ്ങളിൽ ഇവർ എല്ലാവിധ ഡിഗ്രികളും സൗജന്യ നിരക്കിൽ വിൽക്കുന്നുണ്ട്. ഏതു ഡിഗ്രി വേണമെന്നു തീരുമാനിക്കുക. അതു വാങ്ങാനുള്ള പണം ഉണ്ടാക്കുക. ഏതാനും ദിവസങ്ങൾക്കകം ഡിഗ്രി കൈയ്യിലെത്തും. സംഗതി സിമ്പിൾ.

പാസ്റ്ററും റവയും ഒക്കെ ആയിരുന്ന കെ.സി. ജോൺ ഒരു ദിവസം, മുന്നറിയിപ്പൊന്നും കൂടാതെ, ഡാക്കിട്ടറായത് ഇവർ കൊടുത്ത ഡോക്ടറേറ്റിന്റെ ബലത്തിലാണ്. വൽസൻ കൊടുത്ത മറ്റൊരു ചുമ്മഡോ ഈ ഡോക്ടറേറ്റിനു മുകളിൽ വച്ച് സംഗതി ഉറപ്പിക്കയും ചെയ്തു. ഇനി രണ്ടു കൊമ്പും ഒരു വാലും കൂടി ആയാൽ എല്ലാം തികഞ്ഞു.

ഇതുപോലുള്ള ഡോയാണ് മദ്രാസിൽ ഇപ്പോൾ സൗജന്യ നിരക്കിൽ വില്പനയ്ക്കു വെച്ചിരിക്കുന്നത്. കെ.സി.ജോണിനേപ്പോലെ ഏത് ആലും തണലാക്കാൻ മടിയില്ലാത്തവർക്ക് ഈ ഡോകൾ വാങ്ങാം, ഉപയോഗിക്കാം, ഞെളിയാം.

# ആമോസ് സിംഗിനെ സൂക്ഷിക്കുക

ആമോസ് സിംഗിനെ സൂക്ഷിക്കുക, അയാൾ ഒന്നാംതരം ദുരുപദേശക്കാരനാണ്. വലിയ വചന പണ്ഡിതൻ ചമഞ്ഞു നടക്കുന്ന ഇയാൾക്ക് ദൈവവചനത്തിന്റെ ബാലപാഠങ്ങൾ പോലും അറിഞ്ഞുകൂടാ.

അത്ഭുത രോഗശാന്തി ശുശ്രൂഷ ചെയ്യുന്നു എന്നവകാശപ്പെടുന്ന ഇയാൾക്ക് ഒരുവിധത്തിലുള്ള ശുശ്രൂഷയുമില്ല. ദൈവവചനത്തിലെ മാർമ്മിക വിഷയങ്ങൾ എന്ന വ്യാജേന ഇയാൾ പറയുന്നത് ശുദ്ധ വിവരക്കേടാണ്. പക്ഷേ ഇതൊന്നും തിരിച്ചറിയാനുള്ള കഴിവ് ഇന്നത്തെ സഭാനേതാക്കൻമാർക്കില്ല. അതുകൊണ്ട് ഇയാൾക്ക് ഇന്ത്യയിലെവിടേയും സ്റ്റേജുകൾ ലഭിക്കുന്നു. ഈ കൺവെൻഷൻ സീസണിലും ആമോസ് സിംഗിന് മലയാളികൾ നിരവധി സ്റ്റേജുകൾ നൽകുകയുണ്ടായി. അടുത്ത വർഷത്തേക്ക് ഇയാളെ ഇപ്പോൾത്തന്നെ ബുക്ക് ചെയ്തവരുമുണ്ട്. ദൈവമക്കളെ വഴിതെറ്റിക്കാനായി സാത്താൻ ഇയാളെ ഉപയോഗിക്കയാണ്.

# അച്ചൻകുഞ്ഞ് ഇലന്തൂർ ദൈവമക്കളെ പീഡിപ്പിക്കുന്നു

അച്ചൻകുഞ്ഞ് ഇലന്തൂർ ദൈവമക്കളെ പീഡിപ്പിക്കുന്നു എന്നു പറഞ്ഞാൽ വിശ്വസിക്കാൻ ബുദ്ധിമുട്ടുണ്ടാകുമെന്നറിയാം. എങ്കിലും വിശ്വസിച്ചേ മതിയാകൂ. സംഗതി സത്യമാണ്. സംശയമുള്ളവർ മരുപ്പച്ചയുടെ മാർച്ച് 20 ലക്കം നോക്കുക.

സത്യസുവിശേഷത്തിലാരംഭിച്ച് പട്ടത്വത്തിൽ എത്തി നിൽക്കുന്ന വെഷപ്പ് എം.എ.തോമസിനോട് രാജസ്ഥാനിലെ ഒരു മന്ത്രിക്കുണ്ടായ വ്യക്തിവിദ്വേഷം നിമിത്തമുണ്ടായ പ്രശ്നങ്ങളെ ക്രൈസ്തവ പീഡനമായി ദുർവ്യാഖ്യാനം ചെയ്ത് അച്ചൻകുഞ്ഞ് മരുപ്പച്ചയുടെ ആറു പേജുകൾ നിറച്ചിരിക്കയാണ്. അച്ചൻകുഞ്ഞിനേപ്പോലെ അസാമാന്യ തൊലിക്കട്ടിയുള്ളവർക്കു മാത്രമേ ഇങ്ങനെ കാട്ടിക്കൂട്ടാൻ തോന്നൂ. എം.എ.തോമസും മകനും അനുഭവിച്ച ദുരുതങ്ങളുടെ കഥ കേട്ടാൽ ജയിലഴിപോലും കരഞ്ഞുപോകും. എം.എ.തോമസ് വച്ചു നീട്ടിയ നോട്ടുകെട്ടുകണ്ടപ്പോൾ അച്ചൻകുഞ്ഞ് പത്രധർമ്മവും സാമാന്യ മര്യാദയും മറന്നു. കഷ്ടമായിപ്പോയി അച്ചൻകുഞ്ഞേ.

# തോമസ്കുട്ടിക്കും കിട്ടി സപ്ലിമെന്റ്

അമ്മായിയും കുടിച്ചൂ പാൽക്കഞ്ഞി എന്നു പറഞ്ഞതുപോലെ കെ.പി.തോമസ്കുട്ടിക്കും കിട്ടീ സപ്ലിമെന്റ്. തോമസ്കുട്ടി എന്നു പറഞ്ഞാൽ വചനഘോഷണം എന്ന പത്രം നടത്തുന്ന തട്ടിപ്പുവീരൻ. സപ്ലിമെന്റ് എന്നത് റാന്നി ക്രൂസേഡിന്റെ സപ്ലിമെന്റ്.

ആരു ക്രൂസേഡ് നടത്തിയാലും തോമസ്കുട്ടിക്ക് സപ്ലിമെന്റ് വേണം. സപ്ലിമെന്റ് കിട്ടിയില്ലെങ്കിൽ തോമസ്കുട്ടി കോപിക്കും. ഗുണ്ടകളെ വിട്ട് സംഘാടകരെ വിരട്ടും. ബോങ്കെ ക്രൂസേഡിന്റെ സപ്ലിമെന്റ് കൊടുക്കാതെ വന്നപ്പോൾ സുവിശേഷവിരോധികളേക്കൊണ്ട് സംഘാടകരെ ഭീഷണിപ്പെടുത്തിയ വാർത്ത ഡിഫെൻഡറിൽ റിപ്പോർട്ട് ചെയ്തിരുന്നല്ലോ. റാന്നി ക്രൂസേഡിലും ഇതുതന്നെ നടന്നു.

തോമസ്കുട്ടിയുടെ പത്രം വെറും ചവറാണെന്നറിയാവുന്നതുകൊണ്ട് റാന്നി ക്രൂസേഡുകാർ സപ്ലിമെന്റ് കൊടുത്തില്ല. അതോടെ തോമസ്കുട്ടി അത്യുഗ്രമായി കോപിച്ചു. കുറെ ഗുണ്ടകൾക്ക് പണം കൊടുത്ത് സംഘാടകരെ ഭീഷണിപ്പെടുത്തി. യോഗം അലങ്കോലമാക്കുമെന്ന് പ്രഖ്യാപിച്ചു. ബോങ്കെ ക്രൂസേഡുകാർക്കുള്ള ധൈര്യം റാന്നി ക്രൂസേഡുകാർക്കില്ലാതെപോയി. അവർ ഭയന്നുവിറച്ചു. അങ്ങനെ തോമസ്കുട്ടിക്കും കിട്ടി സപ്ലിമെന്റ്. അത് വചനഘോഷണത്തിന്റെ മാർച്ച് ലക്കത്തോടൊപ്പം വിതരണം നടത്തുകയും ചെയ്തു.

# വരുന്നൂ കിത്താബ് കെ.സി വഹ

മുന്നറിയിപ്പ്: കെ.സി.ജോണിന്റെ കിത്താബ് വരുന്നു. ജീവനിൽ കൊതിയുള്ളവർ വല്ല കുണ്ടിലും ഒളിച്ചുകൊള്ളുക.

എന്തു കിത്താബ് എന്നു ചോദിച്ചേക്കാം. അങ്ങനെ വിശേഷിച്ചു പറയാനൊന്നുമില്ല. ചവർ ചാനലിൽ 'ഗോഡ് ബ്ലസ് യൂ' എന്നൊരു പരമ ബോറ് പരിപാടി കെ.സി.ജോൺ അവതരിപ്പിക്കുന്നുണ്ട്. കെ.സി.ജോൺ ഒരു കസേരയിലിരുന്ന് വെറുതെ സൊറ പറയുന്നു. ഒരു വാക്കു പറഞ്ഞാൽ അടുത്ത വെള്ളിയാഴ്ചയേ അടുത്ത വാക്കു പറയൂ. ഈ പരിപാടി കണ്ടിരുന്നാൽ സുബോധമുള്ളവർ ഉറങ്ങിപ്പോകും. ഈ ബ്ലസ് പരിപാടിയിൽ മാന്യദേഹം പറഞ്ഞ കാര്യങ്ങൾ കിത്താബ് രൂപത്തിലാക്കിയതാണ് സാധനം. വില ഇമ്മിണി കൂടുതലാണെങ്കിലും ഇപ്പോൾ 50 രൂപയ്ക്കു കിട്ടും. എല്ലാവരും ഇതു വാങ്ങണം. വായിക്കണം. ഇത് ഒരുവട്ടം വായിച്ചാൽ ഇഹലോകജീവിതത്തോട് വിരക്തിയുണ്ടാകും. നിഷ്ക്കാമകർമ്മിയാകും. നിർഗ്ഗുണ പരബ്രഹ്മമാകും.



# വ്യക്തിപൂജ അതിരു കടക്കുമ്പോൾ

മനുഷ്യദൈവങ്ങൾക്ക് ഇന്ത്യയിൽ പഞ്ഞമില്ല. വിവിധ രൂപത്തിലും ഭാവത്തിലുമുള്ള മനുഷ്യ ദൈവങ്ങൾ ഇന്ത്യയിൽ സുലഭമാണ്. ജീവിച്ചിരിക്കുന്ന മനുഷ്യദൈവങ്ങളും മരിച്ച മനുഷ്യദൈവങ്ങളുമുണ്ട്. പക്ഷേ ക്രൈസ്തവലോകത്ത് മനുഷ്യദൈവങ്ങൾ ഏറെ ഉണ്ടാകാറില്ല. എങ്കിലും യോംഗിചോ, ബെന്നിഹിൻ തുടങ്ങി ചിലരൊക്കെയുണ്ട്. ഈയിടെ അന്തരിച്ച ദിനകരനും ഒരു മനുഷ്യദൈവമായിരുന്നു. ഒരുപക്ഷേ ദിനകരൻ ചിലർക്ക് ദൈവത്തേക്കാൾ വലിയവനുമായിരുന്നു.

ദിനകരഭക്തിയുടെ നൊസ്സ് തലക്കു പിടിച്ചവർ നിരവധിയുണ്ട്. അലക്സാണ്ടർ മാത്യൂസ് എന്ന ചങ്ങാതി അക്കൂട്ടത്തിലുള്ള ഒരാളാണ്. ദിനകരന്റെ മരണവുമായി ബന്ധപ്പെട്ട് ഇയാൾ ലോകമെമ്പാടും നൂറു കണക്കിന് ഈമെയിലുകൾ അയയ്ക്കയുണ്ടായി. അവയിൽ ചിലത് ഡിഫെൻഡറിന്റെ വിലാസത്തിലും കിട്ടി. അതിനുള്ള മറുപടി ഡിഫെൻഡർ പ്രസിദ്ധീകരിക്കയും ചെയ്തു. (മാർച്ച് ഒന്ന് ലക്കം നോക്കുക).

ഡിഫെൻഡറിനു ലഭിച്ച ഈമെയിലിന് ഡിഫെൻഡർ മറുപടി എഴുതിയത് അക്ഷന്തവ്യമായ അപരാധമായിപ്പോയി എന്നറിയിച്ചുകൊണ്ട് മറ്റൊരു ഈമെയിൽ ഈ ചങ്ങാതി ഡിഫെൻഡറിന് അയയ്ക്കുകയുണ്ടായി. ദിനകരഭക്തി കലശലായാൽ എന്തു സംഭവിക്കുമെന്നതിന്റെ തെളിവായി ഈ കത്ത് സ്വീകരിക്കാം. ഈ മെയിൽ പൂർണ്ണ രൂപത്തിൽ:

balan

who are you, to answer my email. I never ever read your demonic magazine.

one of my friend (he also referred by other man in india) told me that you answered my email in your demonic magazine.

you have no right to answer my email. I DONT LIKE MY NAME TO BE PRINTED IN YOUR “DEMONIC MAGAZINE” LIKE YOURS THAT IS ONLY READ BY SOME STUPIDS

You are not a christian, so you don’t have any athority to say about servants of GOD

you are a hindu man came to christianity for making money by selling CDS.

YOUR ONLY ONLY AIM IS TO MAKE MONEY SO YOU CAME TO CHRISTANITY.

DONT answer my email ANYTIME in your demonic magazine.

A WONDERFULL BOOK ABOUT “DGS DHINAKARAN” HAS BEEN PUBLISHED FROM USA, WITH RARE PHOTOS AND TO SEND TO ALL PENTCOSTALS IN KERALA. (25 leading pentcostal pastors from Kerala and 20 world renowed servants of God has already placed their comments)

Book cost RS 250. but will be send “totally free” to all Church leaders and pastors by firstclass registered post from USA. (I have already spend US$ 15,000 for that)

Alexander mathews, USA

ഇതാണ് ഈ കക്ഷി എഴുതിയത്. ഇയാൾ ദിനകരഭക്തനായതിൽ അത്ഭുതമില്ല.

ജ്ഞാനവാദക്കാരുടെ വിശ്വാസമനുസരിച്ച് യഥാർത്ഥ ദൈവമല്ല ലോകം സൃഷ്ടിച്ചത്. പരിശുദ്ധനായ ദൈവത്തിന് ലോകം സൃഷ്ടിക്കാനാവില്ല. അതുകൊണ്ട് ദൈവം തന്നേക്കാൾ വിശുദ്ധി കുറഞ്ഞ ഒരു ദൈവത്തെ സൃഷ്ടിച്ചു. ആ ദൈവം മറ്റൊരു ദൈവത്തെ സൃഷ്ടിച്ചു. അങ്ങനെ വളരെ താഴെ എത്തിയപ്പോൾ കാര്യമായ വിശുദ്ധിയൊന്നുമില്ലാത്ത ഒരു ദൈവമുണ്ടായി. അതാണ് യഹോവ. വിശുദ്ധിയില്ലാത്ത ഈ ദൈവമാണ് ലോകത്തെ സൃഷ്ടിച്ചത്. വിശുദ്ധനായ സത്യദൈവത്തിന് ഈ ലോകവുമായി ഒരു ബന്ധവുമില്ല. ഈ സിദ്ധാന്തത്തേക്കുറിച്ചാണ് ജ്ഞാനമെന്നു വ്യാജമായി പേർ പറയുന്നതെന്നും അന്തമില്ലാത്ത വംശാവലിയെന്നും മറ്റും പൗലോസ് പറയുന്നത്. അലക്സാണ്ടർ മാത്യൂസിന്റെ ഈമെയിൽ വായിച്ചപ്പോൾ ജ്ഞാനവാദക്കാരെ ഓർമ്മവന്നു.

ഡിഫെൻഡർ സാത്താന്യമാണ്. അതുകൊണ്ട് അയാൾ അതു വായിക്കാറില്ല. അലക്സാണ്ടറുടെ ഈമെയിലിന് ഡിഫെൻഡറിൽ മറുപടി വന്ന കാര്യം ഒരു സ്നേഹിതൻ അലക്സാണ്ടറെ അറിയിക്കയായിരുന്നു. ഡിഫെൻഡർ വായിക്കുന്ന സ്നേഹിതൻ ഉണ്ടാകുന്നതും വിശുദ്ധിക്കു ചേർന്നതല്ലല്ലോ. അതുകൊണ്ട് ആ സ്നേഹിതനെ അയാളുടെ മറ്റൊരു സ്നേഹിതൻ അറിയിക്കയായിരുന്നു. വംശാവലി അവിടംകൊണ്ടു നിർത്തിയത് ഭാഗ്യം.

ഡിഫെൻഡറിനു ലഭിച്ച ഈമെയിലിനു ഡിഫെൻഡർ മറുപടി പറഞ്ഞത് ഒരുവിധത്തിലും ക്ഷമിക്കാനാവാത്ത പാപമാണത്രേ. ഡിഫെൻഡറിന് ഇയാൾ എന്തിന് ഈമെയിൽ അയച്ചു? അതിനു മറുപടിയില്ല.

റ്റി.എസ്.ബാലൻ ക്രിസ്ത്യാനിയാണോ അല്ലയോ എന്നു തീരുമാനിക്കുന്നത് അലക്സാണ്ടറല്ല. യേശുവിനേക്കുറിച്ചു പറയാൻ അലക്സാണ്ടറുടെ അനുമതിപത്രവും വേണ്ട.

റ്റി.എസ്.ബാലൻ ക്രിസ്തുവിനെ പ്രസംഗിക്കാൻ തുടങ്ങിയിട്ട് 35 വർഷമായി. സി.ഡി വിൽക്കാൻ തുടങ്ങിയിട്ട് രണ്ടര വർഷവും. സി.ഡി വാങ്ങാൻ ബാലൻ ആരേയും നിർബ്ബന്ധിക്കുന്നില്ല. ഓരോരുത്തരും സ്വന്ത ഇഷ്ടപ്രകാരം സി.ഡി വാങ്ങുകയാണ്. വിവരക്കേടു പറയുന്നതിനും വേണ്ടേ ഒരതിരൊക്കെ.

ദിനകരനേക്കുറിച്ച് ഇയാൾ ഒരു വണ്ടർഫുൾ പുസ്തകം ഉണ്ടാക്കുന്നുണ്ടത്രേ. Wonder Fool ഉണ്ടാക്കുന്ന പുസ്തകം വണ്ടർഫൂൾ ആകാതെ തരമില്ല. അതിൽ 25 പെന്തക്കോസ്ത് പാസ്റ്റർമാർ അഭിപ്രായം എഴുതിയിട്ടുണ്ടത്രേ. പെന്തക്കോസ്തിൽ വിവരദോഷികൾക്കു പഞ്ഞമില്ല. അതുകൊണ്ട് 25 അല്ല 2500 പേരുടെ അഭിപ്രായം ഉൾപ്പെടുത്താനും ബുദ്ധിമുട്ടുണ്ടാകില്ല. ഈ പുസ്തകമിറക്കാൻ ഇയാൾ ഇതുവരെ 15,000 ഡോളർ ചെലവാക്കിയത്രേ. കുരങ്ങന്റെ കൈയ്യിലെ പൂമാലയും അലക്സാണ്ടറുടെ കൈയ്യിലെ ഡോളറും ഒന്നുപോലെ. ഇയാളേപ്പോലുള്ളവർ ദിനകരഭക്തരാകുന്നതിൽ അത്ഭുതമില്ല.

# ഡിഫെൻഡർ മറുപടി പറയുന്നു

? ബോങ്കെ ക്രൂസേഡിനേക്കുറിച്ച് ഡിഫെൻഡറിൽ ഒരു വാർത്തയും കണ്ടില്ലല്ലോ. ഈ ക്രൂസേഡിനേക്കുറിച്ച് ഡിഫെൻഡറിന്റെ അഭിപ്രായം അറിയാൻ ആഗ്രഹമുണ്ട്.

■ ബോങ്കെ ക്രൂസേഡിനേക്കുറിച്ച് ഒരു വർഷം മുൻപാണ് ഡിഫെൻഡർ അറിഞ്ഞത്. ഇതുമായി ബന്ധപ്പെട്ട് ഡിഫെൻഡറിനു പറയാനുള്ളത് അന്നുതന്നെ പറഞ്ഞിരുന്നു. കൂടുതലായി ഒന്നും പറയാനില്ലാത്തതുകൊണ്ടാണ് പിന്നീട് ഒന്നും പറയാതിരുന്നത്. എങ്കിലും ഈ ക്രൂസേഡിനേക്കുറിച്ച് ഡിഫെൻഡറിന്റെ നിലപാട് അറിയണമെന്ന് നിരവധി വായനക്കാർ ആവശ്യപ്പെട്ടതുകൊണ്ട് മുൻപു പറഞ്ഞ കാര്യങ്ങൾ തന്നെ വീണ്ടും പറയുന്നു:

1. സായിപ്പിന്റെ ആവശ്യമില്ല.

ഇന്ത്യയിൽ, വിശേഷിച്ചും കേരളത്തിൽ, സുവിശേഷം പ്രസംഗിക്കാൻ ഇനി സായിപ്പിന്റെ ആവശ്യമില്ല എന്നാണ് ഡിഫെൻഡറിന്റെ നിലപാട്. ഇന്ത്യയിലുള്ളവർക്ക് സുവിശേഷം പ്രസംഗിക്കാനറിയാം. അതിൽ കൂടുതലായി ഒന്നും സായിപ്പ് പ്രസംഗിക്കുന്നുമില്ല.

2. സായിപ്പ് വരുന്നതു തെറ്റല്ല.

ലോകമെമ്പാടും പോയി സുവിശേഷം പ്രസംഗിക്കണം എന്നത് കർത്താവിന്റെ കല്പനയാണ്. അതുകൊണ്ട് വിദേശികൾ ഇന്ത്യയിൽ പ്രസംഗിക്കാൻ വരുന്നതോ ഇന്ത്യാക്കാർ വിദേശത്തു പോയി പ്രസംഗിക്കുന്നതോ തെറ്റല്ല. ആകയാൽ (ബോങ്കെ വരേണ്ട ആവശ്യമില്ലെങ്കിലും) ബോങ്കെ വരുന്നതിനെതിരെ ഡിഫെൻഡർ എഴുതുകയില്ല.

3. വ്യാജരോഗശാന്തി.

ഇന്ത്യാക്കാരനായാലും വിദേശി ആയാലും രോഗശാന്തിയുടെ പേരിൽ തട്ടിപ്പു നടത്തുന്നതിനെതിരെ ഡിഫെൻഡർ പ്രതികരിക്കും. പെന്തക്കോസ്ത് ശതാബ്ദിയെന്ന ഭോഷ്ക്കിന്റെ പേരിൽ ഹോസ്മയെ കൊണ്ടുവന്നതിനേയും രോഗശാന്തി നടക്കാൻ പോകുന്നെന്നു പ്രചരിപ്പിച്ചതിനേയും ഡിഫെൻഡർ എതിർത്തത് ഈ കാരണത്താലാണ്. ഇന്ത്യാക്കാരായ വ്യാജൻമാരേയും ഡിഫെൻഡർ എതിർക്കുന്നു. പക്ഷേ ഇത്തവണത്തെ ബോങ്കെ ക്രൂസേഡിൽ രോഗശാന്തിക്ക് അമിത പ്രാധാന്യം കൊടുത്തു കാണുന്നില്ല. അതുകൊണ്ട് ആ കാരണം പറഞ്ഞ് എതിർക്കുന്നുമില്ല.

4. രോഗശാന്തി നടക്കട്ടെ.

കർത്താവായ യേശുക്രിസ്തുവിന് ഇന്നും രോഗികളെ സൗഖ്യമാക്കാൻ കഴിയുമെന്ന് ഡിഫെൻഡർ വിശ്വസിക്കുന്നു. രോഗശാന്തിയുടെ പേരിൽ നടക്കുന്ന തട്ടിപ്പുകളെ മാത്രമാണ് ഡിഫെൻഡർ എതിർക്കുന്നത്. ബോങ്കെ പ്രാർത്ഥിച്ച് രോഗശാന്തി ഉണ്ടായാൽ നല്ലതുതന്നെ.

5. സുവിശേഷം പ്രസംഗിക്കുന്നു.

ഭൂരിപക്ഷം ഉണർവ്വു പ്രസംഗകരും വളരെ കുറച്ചുമാത്രം ദൈവവചനം പ്രസംഗിക്കയും രോഗശാന്തിക്ക് അമിത പ്രാധാന്യം കൊടുക്കുകയും ചെയ്യുന്നു. ചിലർ സമൃദ്ധിയുടെ സുവിശേഷം പ്രസംഗിക്കുന്നു. എന്നാൽ ബോങ്കെ സത്യസുവിശേഷം വിശദമായിത്തന്നെ പ്രസംഗിക്കുന്നു. അത് സ്വാഗതാർഹമാണ്.

6. ദുർവ്യയം.

സായിപ്പൻമാരെ കൊണ്ടുവന്ന് പ്രസംഗിപ്പിക്കുക എന്നത് വളരെ പണച്ചെലവുള്ള കാര്യമാണ്. ലക്ഷങ്ങളല്ല, കോടികളാണ് ഇതിനായി ചെലവഴിക്കേണ്ടതായി വരുന്നത്. ഇത്രയും പണം മുടക്കിയിട്ട് കാര്യമായ പ്രയോജനം ഉണ്ടാകുന്നുമില്ലെങ്കിലോ? ഇത്തരം മെഗാ ക്രൂസേഡുകളെ ഡിഫെൻഡർ എതിർക്കുന്നതിന്റെ പ്രധാന കാരണങ്ങളിൽ ഒന്നാണിത്. ബോങ്കെയുടെ ക്രൂസേഡിനും കോടികളുടെ ചെലവുണ്ട്. അതിനുള്ള പ്രയോജനമുണ്ടായാൽ നന്ന്.

7. ഷൈൻ ചെയ്യൽ.

പലരും മെഗാ ക്രൂസേഡുകൾ നടത്തുന്നത് ഷൈൻ ചെയ്യാൻ വേണ്ടിയാണ്. പത്തു കൊല്ലം മുൻപു നടന്ന ബോങ്കെ ക്രൂസേഡിൽ ഷൈൻ ചെയ്യാൻ അവസരം കിട്ടാതെപോയ പലരും ഉഗ്രമായി കോപിക്കവരെ ചെയ്തു. ഷൈനിംഗ് പരിപാടി പൂർണ്ണമായി ഒഴിവാക്കണം.

പത്തു വർഷം മുൻപ് ബോങ്കെയുടെ ക്രൂസേഡ് നടത്തിയ പോൾ മേടമന തന്നെയാണ് ഇത്തവണയും ക്രൂസേഡിന് നേതൃത്വം കൊടുക്കുന്നത്. പണ്ടത്തെ ക്രൂസേഡിൽ പലവിധത്തിലുള്ള പാകപ്പിഴകളുണ്ടായി. അതിൽ നിന്നു പാഠങ്ങൾ പഠിച്ച മേടമനയാണ് ഇപ്പോൾ ക്രൂസേഡ് നടത്തുന്നത്. അന്നു മേടമന ആത്മീയ ശിശുവായിരുന്നു. എന്നാൽ ഇപ്പോൾ അതല്ല സ്ഥിതി. പെന്തക്കോതിലെ ചതിക്കുഴികൾ കണ്ടറിയാനുള്ള കഴിവ് ഇപ്പോൾ മേടമനയ്ക്കുണ്ട്. അതുകൊണ്ട് അന്നുണ്ടായത്ര കുഴപ്പങ്ങൾ ഇത്തവണ ഉണ്ടാകാനിടയില്ല.

കാണുന്ന എന്തിനേയും എതിർക്കയും വിമർശിക്കയും ചെയ്യുന്ന പരിപാടി ഡ്ഫെൻഡറിനില്ല. ഗുണദോഷങ്ങൾ വിലയിരുത്തിയിട്ടു മാത്രമേ ഡിഫെൻഡർ അനുകൂലിക്കയോ എതിർക്കയോ ചെയ്യൂ. ഗൗരവമുള്ള പ്രശ്നങ്ങൾ കണ്ടില്ലെന്നു നടിക്കാൻ ഡിഫെൻഡറിനാവില്ല. നിസ്സാര പ്രശ്നങ്ങൾ ഊതിവീർപ്പിച്ച് കുഴപ്പങ്ങളുണ്ടാക്കാനും താല്പര്യമില്ല.

# വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി

നിങ്ങളുടെ വീട്ടിലും ഒരു റഫറൻസ് ലൈബ്രറി ഒരുക്കാൻ ഇതാ ഒരു സുവർണ്ണാവസരം. 1500ൽ അധികം പുസ്തകങ്ങൾ. നാലു ലക്ഷത്തിൽ അധികം പേജുകൾ. പി.ഡി.എഫ് ഫോർമാറ്റിലുള്ള 40 സി.ഡികൾ. വില 1900 രൂപ മാത്രം. ട്രിനിറ്റി സ്ക്കൂൾ പുറത്തിറക്കിയിരിക്കുന്ന ഈ ക്ലാസിക്കൽ ഡിജിറ്റൽ ലൈബ്രറിയുടെ കോപ്പികൾ ഇപ്പോൾ ഡിഫെൻഡർ ഓഫീസിൽനിന്നും വിതരണം ചെയ്യുന്നു.

ജോസീഫസ് പോലുള്ള പ്രാചീന ഗ്രന്ഥങ്ങൾ മുതൽ ലൂഥർ, കാൽവിൻ തുടങ്ങിയ പ്രോട്ടസ്റ്റന്റ് നേതാക്കൻമാരുടെ പുസ്തകങ്ങളും നിരവധി ബൈബിൾ വ്യാഖ്യാന ഗ്രന്ഥങ്ങളും ഉൾപ്പെടുന്നതാണ് ഈ അത്യപൂർവ്വ ഗ്രന്ഥശേഖരം. ജോസീഫസ് പറഞ്ഞു, ലൂഥർ എഴുതി എന്നൊക്കെ ഇനി ഊഹം വെച്ച് പറയേണ്ടതില്ല.

ആകെ 1500ൽ അധികം പുസ്തകങ്ങൾ ഉള്ളതിനാൽ ഓരോ പുസ്തകത്തേക്കുറിച്ചും പ്രത്യേകമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ക്രിസ്തീയലോകത്ത് ക്ലാസിക്കുകളായി അംഗീകാരം നേടിയിട്ടുള്ളവയാണ് എല്ലാ പുസ്തകങ്ങളും എന്ന് പൊതുവായി പറയാം. ഇവയിൽ നല്ലൊരു പങ്ക് ഇപ്പോൾ വിലയ്ക്ക് വാങ്ങാൻ പോലും കിട്ടുകയില്ല.

ഭൂരിപക്ഷം പുസ്തകങ്ങളും ഒറിജിനൽ പുസ്തകത്തിൽ നിന്ന് സ്ക്കാൻ ചെയ്ത് പി.ഡി.എഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു. ഏതാനും പുസ്തകങ്ങൾ ടൈപ്പ് ചെയ്ത് പി.ഡി.എഫിലോ എച്ച്.റ്റി.എം.എൽ ഫോർമാറ്റിലോ സെറ്റ് ചെയ്തിരിക്കുന്നു. ആകെ 40 സി.ഡികളിലായി, അക്ഷരമാലാ ക്രമത്തിൽ, ഒരുക്കിയിരിക്കയാണ് ഈ പുസ്തകങ്ങൾ. എല്ലാംകൂടി നാല് ലക്ഷത്തിൽ അധികം പേജുകൾ. പുസ്തകരൂപത്തിൽ വാങ്ങിയാൽ 10 ലക്ഷം രൂപയെങ്കിലും ചെലവാകും.

ഇംഗ്ലീഷ് അറിയാവുന്നവർക്ക് ഈ സി.ഡികൾ വാങ്ങി കമ്പ്യൂട്ടറിൽ ഇട്ട് ഉപയോഗിക്കാം. (ഇംഗ്ലീഷ് അറിയാത്തവരും സ്വന്തമായി കമ്പ്യൂട്ടർ ഇല്ലാത്തവരും ഈ സി.ഡികൾ വാങ്ങരുത്). ഈ സി.ഡികളേക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ 0484-3232356, 9447414608 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

Email: tsbalan@yahoo.com

40 സി.ഡികൾ അടങ്ങുന്ന ഒരു സെറ്റിന്റെ വില 4000 രൂപയാണ്. എന്നാൽ ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്ക് 40 സി.ഡികൾ ലഭിക്കും.

സി.ഡികൾ ആവശ്യമുള്ളവർ T.S.Balan എന്ന പേരിൽ 1900 രൂപ മണിയോർഡർ/ചെക്ക്/ഡ്രാഫ്റ്റ് എടുത്ത് താഴെ കാണുന്ന വിലാസത്തിൽ അയച്ചുതരിക. പണം ഓഫീസിൽ ലഭിച്ചാലുടൻ സി.ഡികൾ കുരിയർ/സ്പീഡ് പോസ്റ്റിൽ അയച്ചുതരുന്നതാണ്. വിദേശ രാജ്യങ്ങളിലേക്ക് സ്പീഡ് പോസ്റ്റിൽ സി.ഡികൾ അയയ്ക്കും. വില: US$ 100 or Rs.4000/-. ഗൾഫിലുള്ളവർ 1900 രൂപയും ഇന്ത്യയിലെ വിലാസവും അയയ്ക്കുക.

Address:

T.S.Balan
Anand Bhavan
Near: KSRTC,
Perumbavoor P.O.,
Ernakulam Dist. Pin. 683 542

# അറിവിന്റെ മുത്തുകൾ: അവറാൻ വഹ

വിവരക്കേടു പറയുന്ന കാര്യത്തിൽ അവറാച്ചനെ വെല്ലാൻ ഈ ഭൂമിമലയാളത്തിൽ ആരുമില്ല. പഴയ പ്രസംഗങ്ങളാണ് ഈയിടെയായി ചവറിൽ നിരന്തരം മുഴങ്ങുന്നതെങ്കിലും ഡിഫെൻഡറിനു വേണ്ട വിഭവങ്ങൾ അതിൽ നിന്നു ലഭിക്കുന്നുണ്ട്. ഇതാ ചില നമ്പരുകൾ:



1. ഉപനിധിയെന്ന നിധി

ഉപനിധി എന്നാൽ എന്താണ്? അതു ചോദിക്കണോ? നിധി എന്നു പറഞ്ഞാൽ അറിയാമല്ലോ. ഉപനിധി എന്നത് ഉപപ്രധാനമന്ത്രി എന്നൊക്കെ പറയുന്നതു പോലെ ചെറിയ നിധി. അതായത് നിക്ഷേപം. ഈ വഴിക്കാണ് അവറാന്റെ വ്യാഖ്യാനം. ഉപനിധി എന്നത് നിക്ഷേപമാണ് എന്നു പറയുന്നതിനു മുൻപ് ആ ഭാഗം മറ്റു മലയാള തർജ്ജമകളിലോ ഇംഗ്ലീഷിലോ നോക്കിയിരുന്നെങ്കിൽ എത്ര നന്നായിരുന്നു! guard that which is committed unto thee, എന്നാണ് 1തിമോ.6:20ൽ കാണുന്നത്. ''നിന്നെ ഭരമേല്പിച്ചിട്ടുള്ളത്'' എന്ന് പി.ഒ.സി ബൈബിൾ. For I know him whom I have believed, and I am persuaded that he is able to guard that which I have committed unto him against that day. എന്നാണ് 2തിമോ.1:12. 14-ാം വാക്യം ഇങ്ങനെ: That good thing which was committed unto thee guard through the Holy Spirit which dwelleth in us. ഒരിടത്തും നിധിയില്ല, നിക്ഷേപവുമില്ല. കടലാടി എന്നത് കടൽ ആടുന്നതാണ് എന്നു പറയുന്നതുപോലെയാണ് ഉപനിധിയുടെ കാര്യം. പണയവസ്തു, സൂക്ഷിക്കാൻ ഏല്പിച്ച വസ്തു എന്നൊക്കെയാണ് ഉപനിധി എന്ന വാക്കിന്റെ അർത്ഥം.

2. ദൈവത്തിന്റെ ദാനം

യേശു ശമര്യാക്കാരത്തിയോട് ''നീ ദൈവത്തിന്റെ ദാനം'' എന്നു പറഞ്ഞെന്നും അവളുടെ ജീവിതം ദൈവത്തിന്റെ ദാനമാണെന്നത്രേ കർത്താവ് പറഞ്ഞതെന്നും മറ്റും അവറാൻ പ്രസംഗിക്കുന്ന വിവരം മുൻപ് എഴുതിയിരുന്നല്ലോ. ഇയാൾ ഈ തെറ്റ് ഇപ്പോഴും പ്രസംഗിക്കുന്നു. ഇങ്ങനെയൊരർത്ഥം ആ വാചകത്തിനില്ല എന്ന് ആരെങ്കിലും ഈ ചങ്ങാതിക്ക് പറഞ്ഞുകൊടുക്കണം. Jesus answered and said unto unto her, If thou knewest the gift of God, and who it is that saith to thee, Give me to drink; thou wouldest have asked of him, and he would have given thee living water എന്നാണ് ബൈബിളിലുള്ളത്. 'ദൈവത്തിന്റെ ദാനത്തേയും നിന്നോടു കുടിക്കാൻ ചോദിക്കുന്നവനേയും നീ അറിഞ്ഞെങ്കിൽ' എന്നാണർത്ഥം. (ഇനിയെങ്കിലും വിവരക്കേടു പറയരുതേ).

3. അനന്യാസ്.

കർത്താവിന്റെ അടിയേറ്റുവീണ ശൗൽ നേർവ്വീഥിയിൽ അനന്യാസിന്റെ വീട്ടിലാണോ താമസിച്ചത്? ആണെന്ന് അവറാച്ചൻ പറയുന്നു. നാവു പിഴച്ചതാണെന്ന് ആദ്യമൊക്കെ തോന്നി. പക്ഷേ പൗലോസിനേക്കുറിച്ചു പറയുമ്പോഴെല്ലാം ഈ വിഡ്ഢിത്തം ഇയാൾ പറയുന്നു. ഇതെഴുതുന്ന ദിവസവും (മാർച്ച് 27) ഇതു കേട്ടു. അതുകൊണ്ടു പറയട്ടെ: അവറാൻ ദയവായി ബൈബിൾ വായിക്കുക. ശൗൽ താമസിച്ചത് നേർവ്വീഥിയെന്ന തെരുവിൽ യൂദയുടെ വീട്ടിലാണ്. ദൈവകല്പന പ്രകാരം മറ്റൊരു വീട്ടിൽ നിന്ന് അനന്യാസ് എത്തുകയായിരുന്നു.

4. അംബാസഡറുടെ ജോലി എന്താണ്? അത് അവറാന് നന്നായറിയാം. ഉദാഹരണ സഹിതം ഈ ചങ്ങാതി അതു വിശദീകരിക്കുന്നുമുണ്ട്. അമേരിക്കയ്ക്ക് ഇന്ത്യയിലൊരു അംബാസഡറുണ്ട്. ഇന്ത്യയിൽ നടക്കുന്ന കാര്യങ്ങളൊക്കെ അമേരിക്കൻ സർക്കാരിനെ ഫോൺ ചെയ്ത് അറിയിക്കയാണ് അംബാസഡറുടെ പണി. ഇതായത്, ഒരു വക ചാരപ്പണി.

5. ബാരോമീറ്റർ.

എന്താണ് ബാരോ മീറ്റർ? അത് അറിഞ്ഞുകൂടാത്തവർ ശ്രീമാൻ അവറാനോടു ചോദിക്കുക: പാലിൽ മായമുണ്ടോ എന്നു പരിശോധിക്കുന്ന ഉപകരണമാണ് ബാരോമീറ്റർ. അപ്പോൾ അന്തരീക്ഷമർദ്ദം എന്തുകൊണ്ടാണ് അളക്കുന്നത്? ലാക്ടോമീറ്റർ എന്തു ചെയ്യും? അങ്ങനെയൊന്നും ചോദിക്കരുത്? നരകത്തിൽ പോകും.

6. ദൈവം നിന്ദ്യനാണത്രേ.

ദൈവം നിന്ദ്യനാണോ? ആണെന്ന് ഈ ചങ്ങാതി പറയുന്നു. അങ്ങനെ ഒരു വാക്യവും ബൈബിളിലുണ്ടത്രേ. ''അവൻ നിന്ദ്യനോടു നിന്ദ്യൻ''. ഇത്തരമൊരു വാക്യം അവറാച്ചന്റെ ബൈബിളിലേ കാണൂ.

എന്നെ തല്ലേണ്ടമ്മാവാ, ഞാൻ നന്നാകില്ല എന്നതാണ് അവറാന്റെ നിലപാട്. എത്ര പറഞ്ഞാലും നാണമില്ല. എന്തു വിവരക്കേടും വിളിച്ചുപറയാൻ ശങ്കയില്ല. എന്തുകേട്ടാലും ഹാലേലൂയ്യാ പറയാൻ കുറെ ആളുമുണ്ട്. കഷ്ടമെന്നേ പറയേണ്ടൂ.



# റാലിക്കു പി.സി.ഐ. ഇല്ല

കെ.സി.ജോൺ, ടി.ജെ.ശാമുവൽ തുടങ്ങിയവരുടെ നേതൃത്വത്തിൽ ഡിസംബർ 22ന് തിരുവനന്തപുരത്തു നടത്താൻ ഉദ്ദേശിക്കുന്ന പെന്തക്കോസ്ത് രാഷ്ട്രീയ ശക്തിപ്രകടനവുമായി സഹകരിക്കേണ്ടതില്ലെന്ന് പെന്തക്കോസ്ത് കൗൺസിൽ ഓഫ് ഇന്ത്യ ഔദ്യോഗികമായി തീരുമാനിച്ചു. കെ.സി.ജോണിനും കൂട്ടർക്കും ഏൽക്കുന്ന ആദ്യ തിരിച്ചടിയാണ് പി.സി.ഐയുടെ ഈ തീരുമാനം.

# പവ്വർ കോൺഫ്രൻസുകൾ അവിഭാജ്യ ഘടകമാകുന്നു

പവ്വർ കോൺഫ്രൻസുകൾ ക്രൂസേഡുകളുടെ അവിഭാജ്യ ഘടകമാകുന്നു. എവിടെ ക്രൂസേഡുണ്ടോ അവിടെ പവ്വർ കോൺഫ്രൻസുമുണ്ട് എന്നതാണ് ഇന്നത്തെ സ്ഥിതി. ബ്ലസ്സ് തിരുവല്ല - റവ. അണ്ടൻ പ്രസംഗിക്കുന്നു. പവ്വർ കോൺഫ്രൻസ് - രാവിലെ 10ന്. കോട്ടയത്ത് റവ.ഡോ. അടകോടൻ പ്രസംഗിക്കുന്നു. പവ്വർ കോൺഫ്രൻസ് - രാവിലെ 9.30 മുതൽ. ഇതാണ് ഇപ്പോഴുള്ള രീതി.

പത്തുകൊല്ലം മുൻപ് ബോങ്കെ വന്നപ്പോഴാണ് ഈ പരിപാടി ആരംഭിച്ചത്. വൈകിട്ട് പൊതുയോഗം. അത് സൗജന്യം. പക്ഷേ പകൽ യോഗത്തിൽ പങ്കെടുക്കാൻ ഫീസ് കൊടുക്കണം. ഫയർ കോൺഫ്രൻസ് എന്നായിരുന്നു പരിപാടിയുടെ പേര്. ഫയർ എന്ന പേര് ഏറെ വിവാദങ്ങൾക്കു വഴിവെയ്ക്കുകയും ചെയ്തു. ബോങ്കെ അഗ്നിയെ ആരാധിക്കുന്ന ആളാണെന്നുവരെ പ്രചരണമുണ്ടായി.

പിന്നീട് നടന്ന വലിയ ക്രൂസേഡുകളിലെല്ലാം ഫയർ കോൺഫ്രൻസുകൾ സ്ഥിരം പരിപാടിയായി. ചിലർ അതിനെ പവ്വർ കോൺഫ്രൻസ് എന്നും വിളിച്ചു. ഇപ്പോൾ സാധാരണക്കാർ മാത്രം പ്രസംഗിക്കുന്ന ക്രൂസേഡുകൾക്കും പവ്വർ അല്ലെങ്കിൽ ഫയർ കോൺഫ്രൻസ് ഒഴിവാക്കാനാവാത്ത ഘടകമാണ്.

പവ്വർ കോൺഫ്രൻസിൽ പങ്കെടുക്കണമെങ്കിൽ നിശ്ചിത തുക നൽകണമെന്നതാണ് പ്രധാന പ്രത്യേകത. പക്ഷേ പ്രസംഗകർ സാധാരണക്കാരാണെങ്കിൽ പണം കൊടുത്ത് യോഗത്തിൽ പങ്കെടുക്കാൻ ആളെ കിട്ടിയില്ലെന്നു വരാം. എന്താണ് ഈ യോഗങ്ങളിൽ നടക്കുന്നത്? ആരാധനയെന്ന പേരിൽ കുറെ ബഹളം. ഉണർവ്വു പ്രസംഗമെന്ന പേരിൽ കുറെ കോലാഹലം, അലറൽ, കൈയ്യടി, നിലത്തു ചവിട്ട്, മേശയിലടി. ആകെക്കൂടി ഒരു ഇളക്കം. (മതിയല്ലോ).

# ഇതുകുറെ കടന്നുപോയി ഗോപാലകൃഷ്ണാ

പരമവിശുദ്ധനും പ്രത്യക്ഷദൈവവുമായ പോൾ ഗോപാലകൃഷ്ണൻ അതിരു കടക്കുന്നതായി മുണ്ടിയപ്പള്ളിയിൽ നിന്നുള്ള റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. മുണ്ടിയപ്പള്ളി ശാരോൻ സഭ ഒരു കൾട്ടാക്കാനുള്ള ശ്രമത്തിലാണ് ഗോപാലകൃഷ്ണൻ.

പോൾ ഗോപാലകൃഷ്ണനല്ലാതെ അന്യദൈവങ്ങൾ മുണ്ടിയപ്പള്ളി ശാരോനിലെ അംഗങ്ങൾക്ക് ഉണ്ടാകാൻ പാടില്ലെന്നു മാത്രമല്ല മുണ്ടിയപ്പള്ളിയിലും പരിസരത്തും മറ്റൊരു പെന്തക്കോസ്ത് സഭ ഉണ്ടാകാൻ പാടില്ലെന്നും പോളിന്റെ സുവിശേഷത്തിന്റെ ആദ്യ അദ്ധ്യായത്തിൽത്തന്നെ പറയുന്നുണ്ട്. ഈ കല്പന ലംഘിച്ചുകൊണ്ട് ഒരാൾ മുണ്ടിയപ്പള്ളി സഭാഹാളിൽ നിന്ന് മൂന്നു കിലോമീറ്റർ അകലെ ഒരു പ്രവർത്തനം ആരംഭിച്ചതാണ് ഇപ്പോൾ കുഴപ്പങ്ങൾക്കു വഴിവെച്ചിരിക്കുന്നത്. ഈ സുവിശേഷകൻ പോളിന്റെ ശത്രുവല്ലെന്നു മാത്രമല്ല അയാളുടെ നാട്ടുകാരനുമാണ്.

റ്റി.പി.എമ്മിന് മുണ്ടിയപ്പള്ളിയിൽ ഒരു പ്രവർത്തനമുണ്ടായിരുന്നു. പക്ഷേ അത് പച്ചപിടിച്ചില്ല. അതുകൊണ്ട് അവർ സഭാഹാളും മറ്റും മേല്പടി സുവിശേഷകന് വിറ്റു. അദ്ദേഹം അവിടെ പ്രവർത്തനം ആരംഭിക്കയും ചെയ്തു. പക്ഷേ പോളിന് അതു രസിച്ചില്ല. എന്നാൽ പോളിന്റെ നാട്ടുകാരൻ കൂടിയായ ആ സുവിശേഷകൻ പോളിനെ ദൈവസ്നേഹത്തിന്റെ ആൾരൂപമായാണ് കണ്ടിരുന്നത്. ഏതായാലും ആ സുവിശേഷകന്റെ പ്രവർത്തനഫലമായി ചിലർ രക്ഷിക്കപ്പെട്ടു. പക്ഷേ സ്നാനപ്പെടുത്താനുള്ള സൗകര്യം അടുത്തെങ്ങുമില്ല. മുണ്ടിയപ്പള്ളി ശാരോനിൽ ഒരു സ്നാനക്കുളമുള്ള കാര്യം അപ്പോഴാണ് അറിഞ്ഞത്. ഉടൻതന്നെ ഇദ്ദേഹം പോളിനെ സമീപിച്ചു. പക്ഷേ പുഴുത്ത പട്ടിയെ കാണുമ്പോൾ മുഖം തിരിക്കുന്നതുപോലെ ഒരു വശത്തേക്കു മുഖം തിരിച്ച് പോൾ മറുപടി പറഞ്ഞു: ഇവിടെ സ്നാനപ്പെടുത്താൻ പറ്റില്ല. ഒട്ടും പ്രതീക്ഷിക്കാത്ത ഈ മറുപടികേട്ട് ആ സുവിശേഷകൻ തരിച്ചുനിന്നു. തലയുടെ തരിപ്പു മാറിയപ്പോൾ അദ്ദേഹം മടങ്ങി. മറ്റൊരു സ്ഥലത്തുപോയി സ്നാനം നടത്തുകയും ചെയ്തു.

## ഐ.പി.സി ചെയ്തത്

ഗോപാലകൃഷ്ണന്റെ വിക്രിയയേക്കുറിച്ചു പറയുന്നതിനിടയിൽ ചില വർഷങ്ങൾക്കു മുൻപ് റ്റി.എസ്.ബാലൻ എന്ന ഈയുള്ളവന് കൊട്ടാരക്കരയിലുണ്ടായ ഒരനുഭവം ഓർമ്മവന്നു. സമുദായക്കാർ നടത്തുന്ന ഒരു പ്രാർത്ഥനാഗ്രൂപ്പിൽ ഞാൻ ഏതാനും ദിവസം പ്രസംഗിച്ചു. പലരും രക്ഷിക്കപ്പെട്ടു. അവർക്ക് സ്നാനപ്പെടണം. എവിടെ സ്നാനപ്പെടുത്തും? ഐ.പി.സിക്ക് ഒരു സ്നാനക്കുളമുണ്ടെന്നറിഞ്ഞു. അവരോട് അനുവാദം ചോദിച്ചു. ഒരു മടിയും കൂടാതെ അവർ സമ്മതംമൂളി. അങ്ങനെ ഞാൻ കൊട്ടാരക്കര ഐ.പി.സി സഭയുടെ കുളത്തിൽ സമുദായക്കാരെ സ്നാനപ്പെടുത്തി.

ഇത് ഈയിടെ തൃശൂരിൽ നടന്ന സംഭവമാണിത്



# ഇതാണ് വൽസൻ പറഞ്ഞത്

(ആഭരണം ധരിക്കുന്ന വിശ്വാസികൾക്ക് തിരുവത്താഴം കൊടുക്കുന്നതു വിലക്കാൻ ഐ.പി.സി കേരള പ്രസ്ബിറ്ററി തീരുമാനമെടുത്തതുമായി ബന്ധപ്പെട്ട് വൽസൻ പറഞ്ഞതും ജി.എം. ന്യൂസ് റിപ്പോർട്ട് ചെയ്തതുമായ വാർത്ത താഴെ കൊടുക്കുന്നു.)

## ആഭരണം: കേരള ഐപിസിയുടെ തീരുമാനം ഭരണഘടനയിൽ ഉൾപ്പെട്ടതല്ല: ഡോ. വത്സൻ

**മാത്യൂ ചെമ്പുകണ്ടത്തിൽ**



ലണ്ടൻ (മാർച്ച് 24, 2008): ആഭരണം ധരിക്കുന്നവർ സഭയിൽ അംഗങ്ങളാകാൻ പാടില്ലെന്ന കേരള ഐപിസി റീജയന്റെ തീരുമാനം ഐപിസിയുടെ ഭരണഘടനയിൽ ഉൾപ്പെട്ട കാര്യമല്ലെന്ന് ഐപിസി ജനറൽ സെക്രട്ടറി ഡോ. വത്സൻ ഏബ്രഹാം.

(ചിത്രം: ഡോ. വത്സൻ ഏബ്രഹാം)

"ഐപിസി കേരളഘടകം പ്രസ് തുത തീരുമാനമെടുത്ത ആ ചർച്ചയിൽ ഞാൻ പങ്കെടുത്തിരുന്നില്ല. അതിനാൽ എന്ത് സാഹചര്യത്തിലാണ് ആ തീരുമാനമെടുത്തതെന്ന് എനിക്ക് അറിയില്ല" ഡോ. വത്സൻ *ജിഎംന്യൂസി*നോടു പറഞ്ഞു.

വിശ്വാസികൾ ആഭരണം ഇടുവാൻ പാടില്ല എന്നതിനെ 'ബിബ്ലിക്കൽ' ആയി താൻ കാണുന്നില്ലെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യൻ ജനത ആഭരണങ്ങളോടു അതിയായ ആഗ്രഹമുള്ളവരാണെന്നു കണ്ടതിനാൽ ഇതിനു വിരുദ്ധമായി പൂർവ്വപിതാക്കന്മാർ എടുത്ത തീരുമാനമായിരുന്നു വിശ്വാസികൾ സ്വർണം ധരിക്കുവാൻ പാടില്ല എന്നത് . ഇന്ന് ഈ തിരുമാനത്തിന് പ്രസക്തിയില്ല. ഈ കാലത്ത് ഇന്റർനെറ്റ് , ടെലിവിഷൻ എന്നിവ യുവജനങ്ങളെ അടിമകളാക്കുമ്പോൾ, അതിന്റെ ദോഷമാണ് നാം പഠിപ്പിച്ചുകൊടുക്കേണ്ടത് . ദിവസത്തിൽ അഞ്ചും ആറും മണിക്കൂറുകൾ ടെലിവിഷനു മുന്നിൽ ചെലവഴിക്കുന്ന മാതാപിതാക്കൾക്ക് , സ്വർണം ഉപേക്ഷിക്കുന്നതാണ് പ്രധാനമെന്ന് മക്കളോടു പറയാൻ കഴിയുമോ –അദ്ദേഹം ചോദിച്ചു.

# പ്രാവു പറന്നെന്നോ?

ആരാധനയ്ക്കിടയിൽ പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ പറന്നത്രേ. സംഭവം നടന്നത് എവിടെയാണെന്ന് ആർക്കും അറിഞ്ഞുകൂടാ. പക്ഷേ പ്രാവ് പറക്കുന്ന വീഡിയോ ലഭ്യമാണ്. ഇതിന്റെ ഒരു കോപ്പി ഒരു സഹോദരൻ ഡിഫെൻഡറിന് അയച്ചുതരുകയുണ്ടായി. ഞങ്ങൾ അത് ഇന്റർനെറ്റിൽ കൊടുത്തിട്ടുണ്ട്. ലിങ്ക്: http://youtube.com/watch?v=IGqcT80o8Ao

ഈ വീഡിയോ ശ്രദ്ധിച്ചു കാണുക. അപ്പോൾ മനസ്സിലാകും പരിശുദ്ധാത്മാവോ പ്രാവോ അല്ല ഭോഷ്ക്കിന്റെ ആത്മാവാണ് പറക്കുന്നതെന്ന്. എവിടെയോ നടന്ന ആരാധനയുടെ വീഡിയോയിൽ ഓരോ ഫ്രെയിമിലും പ്രാവുപോലൊരു രൂപം കൃത്രിമമായി ചേർത്ത് ഉണ്ടാക്കിയതാണ് ഈ വീഡിയോ. പ്രാവ് പറന്നു, പ്രകാശം കണ്ടു എന്നൊക്കെ അവകാശപ്പെടുന്ന ചിത്രങ്ങളും വീഡിയോകളും കണ്ട് ദൈവമക്കൾ അന്ധാളിക്കരുത്, ഇതൊക്കെ സാത്താന്റെ തന്ത്രങ്ങളാണ്.

# ജയ്മോഹന് ജനപിൻതുണയേറുന്നു

രക്ഷിക്കപ്പെടാത്തവരെ സത്യസുവിശേഷം അറിയിക്കുക എന്ന ലക്ഷ്യത്തോടെ കാർട്ടൂണിസ്റ്റ് ജയ്മോഹൻ തുടങ്ങാൻ ഉദ്ദേശിക്കുന്ന പത്രത്തിന് പ്രതീക്ഷിച്ചതിലധികം ജനപിൻതുണ ലഭിക്കുന്നതായി അറിയാൻ കഴിഞ്ഞു. ഈ വിഷയവുമായി ബന്ധപ്പെട്ട് ജയ്മോഹൻ അയച്ചുതന്ന കുറിപ്പും കാർട്ടൂണും താഴെ കൊടുക്കുന്നു:

"പത്രമിറക്കുന്നെന്നു കേട്ടു പലരും വിളിക്കുന്നുണ്ട്. എന്തു സഹായം വേണമെങ്കിലും ചെയ്യാമെന്നു പറയുന്നവരുണ്ട് – ചുരുക്കം പേർ. രക്ഷിക്കപ്പെടാത്തവർക്കുവേണ്ടിയുള്ളതാണ് ഈ പത്രം. വിശ്വാസികൾക്ക് ഇതു വാങ്ങി രക്ഷിക്കപ്പെടാത്തവർക്കു കൊടുക്കാം. രക്ഷിക്കപ്പെടാത്തവരുടെ അഡ്രസ്സ് അയച്ചുതന്നാൽ പത്രം ഞങ്ങൾ തന്നെ അയച്ചുകൊടുക്കയും ചെയ്യാം. എല്ലാറ്റിലുമുപരി ഇതിനു വേണ്ടി പ്രാർത്ഥിക്കാം. കർത്താവു പ്രേരണ തരുന്നതുപോലെ സഹായിക്കാം. 'പത്രാധിപസമിതി' എന്നൊരു അലങ്കാരം ഈ പത്രത്തിന് ഉണ്ടായിരിക്കുകയില്ല. മാസത്തിൽ ഒരു പ്രാവശ്യം എന്ന ക്രമത്തിന് ഇറങ്ങുന്ന ഈ പത്രം സത്യസുവിശേഷം വിളംബരം ചെയ്യാനുള്ളതാണ്. ഈ പ്രവർത്തനവുമായി സഹകരിക്കാൻ താല്പര്യമുള്ളവർ christ_toon@rediffmail.com എന്ന വിലാസത്തിൽ ബന്ധപ്പെടുക. ഫോൺ: 9495185659".

# മരിച്ചവർ എവിടെ?

## ഏതാനും കോപ്പികൾ സ്റ്റോക്കുണ്ട്

മരിച്ചവർ എവിടെ എന്ന പുസ്തകം പുന:പ്രകാശനം ചെയ്യാൻ ഉദ്ദേശിക്കുന്ന വിവരമറിഞ്ഞ നിരവധി ആളുകൾ ഈ പുസ്തകത്തിന്റെ കോപ്പികൾ ഇപ്പോൾ ലഭ്യമാണോ എന്ന് അന്വേഷിക്കയുണ്ടായി. പുസ്തകത്തിന്റെ പ്രസാധകരുമായി ബന്ധപ്പെട്ടപ്പോൾ ഏതാനും കോപ്പികൾ സ്റ്റോക്കുണ്ടെന്ന് അറിയാൻ കഴിഞ്ഞു. അതുകൊണ്ട് ഈ പുസ്തകം ഉടൻ ലഭിക്കാൻ ആഗ്രഹമുള്ളവർ താഴെ കാണുന്ന വിലാസത്തിൽ ബന്ധപ്പെടുക:

**റീഡേഴ്സ് പബ്ലിക്കേഷൻസ്,**

ബോക്സ് നമ്പർ - 75, എസ്.സി.എസ്. ജംഗ്ഷൻ,

തിരുവല്ല -1. ഫോൺ: 0469-2702844






# എഫ്.സി.ആർ.എ എന്നാൽ എന്ത്?

ട്രസ്റ്റുകളും സൊസൈറ്റികളും മറ്റും ഉണ്ടാക്കാൻ ഞാൻ (റ്റി.എസ്.ബാലൻ) സഹായം ചെയ്യാറുള്ളതുകൊണ്ട് എഫ്.സി.ആർ.എ നിയമത്തേക്കുറിച്ച് പലരും എന്നോടു ചോദിക്കാറുണ്ട്. അതുകൊണ്ട് ഈ നിയമവുമായി ബന്ധപ്പെട്ട പ്രധാന വിഷയങ്ങൾ താഴെ കൊടുക്കുന്നു. ഇംഗ്ലീഷ് അറിയാത്തവർക്ക് ഈ ലേഖനം പ്രയോജനം ചെയ്യില്ലെന്നറിയാം. പക്ഷേ ഇംഗ്ലീഷ് പരിജ്ഞാനമില്ലാത്തവർക്ക് എഫ്.സി.ആർ.എ നിയമപ്രകാരമുള്ള അപേക്ഷ പരസഹായം കൂടാതെ കൊടുക്കാനാവില്ല. അതുകൊണ്ട് ഈ ലേഖനം മലയാളത്തിൽ എഴുതിയതുകൊണ്ടു കാര്യമായ പ്രയോജനമില്ല. (വിശദ വിവരങ്ങൾ അടങ്ങുന്ന ഹാന്റ്ബുക്ക്, അപേക്ഷാഫോം എന്നിവ ഡിഫെൻഡറിന്റെ വെബ്സൈസ്റ്റിൽ കൊടുത്തിട്ടുണ്ട്.)

## Foreign Contribution (Regulation) Act, 1976

### Objective

An Act to regulate the acceptance and utilisation of foreign contribution or foreign hospitality by certain persons or associations, with a view to ensuring that Parliamentary institutions, political associations and academic and other voluntary organisations as well as individuals working in important areas of national life may function in a manner consistent with the values of a sovereign democratic republic and for matters connected therewith or incidental thereto.

### Applicability

Like FEMA, the FCRA has extra-territorial jurisdiction. It extends to the whole of India, as well as to: (a) citizens of India outside India; and (b) associates, branches or subsidiaries, outside India of companies or bodies corporate registered or incorporated in India.

### Important Definitions

Foreign contribution

Essentially, it refers to donations in cash or kind. It also includes any foreign security as defined under FERA (now, FEMA), as well as any currency, be it Indian or foreign. However, it does not include personal gifts whose market value in India on date of such gifts is Rs. 1,000/- or less.

It is further clarified that a donation, delivery or transfer of any article, currency or foreign security shall be deemed to be foreign contribution when received by any person from any foreign source, whether directly or indirectly, through one or more persons.

***e.g.*** A Christian Missionary under whose umbrella a number of other missionaries are functioning. If such head missionary receives any donation and who turn transfers the amount to its sister missionary, then in such a circumstances, the transfer received by the sister missionary will be treated as foreign contribution and the FCRA shall apply accordingly.

**Foreign Source**

The definition is an inclusive one. It includes:

(i) Government of any foreign country or territory and agency of such Government,

(ii) any international agency not being the United Nations or any of its specialised agencies, the World Bank, International Monetary Fund or such other agency as Central Government may by notification in Official Gazette specify in this behalf,

(iii) a foreign company within the meaning of section 591 of the Companies Act, 1956 and also includes

(a) a company which is a subsidiary of a foreign company, and

(b) a multi-national corporation within the meaning of this Act,

(iv) A corporation not being a foreign company, incorporated in foreign country or territory,

(v) A multi national corporation within the meaning of this Act,

(vi) A company within the meaning of the Companies Act, 1956 if more than one half of the nominal value of its share capital is held, either singly or in the aggregate by one or more of the following, namely:-

(a) Government of foreign country or territory,

(b) Citizens of a foreign country or territory,

(c) corporations incorporated in a foreign country r territory,

(d) trusts, societies or other associations of individuals (whether incorporated or not) formed or registered in a foreign country or territory,

(vii) a trade union in any foreign country or territory, whether or not registered in such foreign country or territory,

(viii) a foreign trust by whatever name called or a foreign foundation which is either in the nature of trust or is mainly financed by a foreign country or territory,

(ix) a society, club or other association of individuals formed or registered outside India,

(x) a citizen of foreign country, but does not include any foreign institution which has been permitted by Central Government, by notification in Official Gazette, to carry on its activities in India.

Contribution given by Non-Resident Foreign Citizen of Indian Origin but of funds held in NRI and FCNR account maintained in India would also attract FCRA regulation and would be treated as "foreign source". Thus, we find that the definition of "foreign source" is very exhaustive.

NRI who is an Indian citizen is not considered as a foreign source and hence donation received from NRI is not a foreign contribution even if it is in convertible foreign exchange. However, if he is a foreign citizen then the NRI will be considered as a foreign source.

**Following categories of persons are prohibited from accepting any foreign contribution**

(a) Candidate for election,

(b) Correspondent, columnist, cartoonist, editor, owner, printer or publisher of a registered newspaper,

(c) Judge, Government servant or employee of any Government corporation/undertaking,

(d) Member of any Legislature,

(e) Political party or office-bearer thereof.

**Exemptions:**

In following situations, persons specified supra may accept foreign contribution.-

(i) Salary, wages or other remuneration from any foreign source or payment in the ordinary course of business transacted in India by such foreign source;

(ii) Payment in the ordinary course of business or in the course of international trade or commerce;

(iii) Working in the capacity of an agent of a foreign source in relation to any transaction made by such foreign source with Government;

(iv) Acceptance of gift or presentation as a member of any Indian delegation subject to the provisions of the Foreign Contribution ;

(v) Receipt of contribution from Relative: Prior approval of the Central Government is not required if the amount of contribution does not exceed, in value, Rupees eight thousand per annum and an intimation is given to the Central Government about the amount received, purpose and the manner in which the same is utilized. 'Relative' has the same meaning as it is assigned in the Companies Act, 1956.

(vi) Remittance received in the ordinary course of business, through any official channel, post office, or any authorised dealer in foreign exchange.

**Note.-** Central Government has reserved power to prohibit any person including exempted category as mentioned above from accepting foreign contribution if it finds reasonable causes to do so.

An application for seeking prior permission to accept foreign contribution is to be made in Form FC-IA and for grant of registration in Form FC-8 respectively. An application (one copy only) for seeking prior permission or registration is to be sent by registered post to:

**The Secretary, Ministry of Home Affairs, Foreigners Division, Lok Nayak Bhavan, Khan Market, New Delhi – 110003.**

(i) Association having a definite cultural, economic, educational, religious or social programme can accept contribution upon fulfillment of following conditions:

(a) such an association should register itself with Central Government in accordance with rules made under this Act; and

(b) such an association agrees to receive such foreign contributions only through designated branch of a bank as it may specify in its application for registration; and Intimation has to be given to Central Government with following details -

(c) the amount of foreign contribution,

(d) the source of foreign contribution, and

(e) the manner of utilization.

**Consequences of Default**

In case of failure to comply with any of the conditions mentioned above, the Central Government may issue notification in the Official Gazette that the defaulting association would require its prior approval before accepting any further foreign contribution.

**Designated Bank Account**

An association granted prior permission or registration under the Act can receive the foreign contribution and subsequently utilize it using a single designated bank account, as intimated in the application form. Do not deposit any local funds in this bank account.

**Time Limit for Disposal of Applications**

An application for registration is normally disposed within six months. An application seeking prior permission is disposed within 90/120 days.

It is advisable to obtain a certificate, in the format incorporated at the end of the application form, from any of the competent authority mentioned therein viz., Any concerned - Collector of District; Department of the State Government; Ministry/ Department of the Government of India.

**Filing of Returns**

An association permitted to accept foreign contribution is required to submit an annual return, duly certified by a Chartered Accountant, giving details of the receipt and purpose-wise utilization of the foreign contribution. The return is to be filed for every year (1st April to 31st March) within a period of four months from the closure of the year, i.e. by 31st July of each year. The return is to be submitted, in duplicate, in Form FC-3. It is to be accompanied with the balance sheet and statement of receipt and payment, duly certified by a Chartered Accountant, also in duplicate

**Time limit for Intimation**

The time limit for intimation to Central Government of receipt of foreign contribution is four months after the closure of the year in case of both registered as well as unregistered association. The intimation should be in form FC-3 in duplicate and shall be sent to Secretary to the Government of India, Ministry of Home Affairs, New Delhi by registered post.

Every citizen of India (whether in India or abroad) who is in receipt of any scholarships, stipend or any similar payment from any foreign source shall give intimation thereof to Central Government.

**Maintenace of Accounts**

Rule 8 of the Foreign Contribution (Regulation) Rules, 1976, provides that a separate set of accounts and records shall be maintained exclusively for foreign contribution received and utilized. Such accounts shall be maintained on an yearly basis from April to March. A certificate from a Chartered Accountant in Form FC-3 along with a balance sheet and statement of receipt and payment shall be submitted, in duplicate, to the Secretary to Government of India, Ministry of Home Affairs, New Delhi, within four months after the closure of the financial year.

Checklist

**(1) Eligible category**

An association with a definite cultural, economic, educational, religious or social programme.

**(2) Types of permission**

(i) Registration under Section 6(1)(a); and, (ii) Prior permission under Section 6 (I A).

**(3) Application form**

(i) For grant of registration in **form FC-8**; and, (ii) For grant of prior permission in **form FC-IA**.

**(4) Essential requirements**

**(A) Bank Account**

Open a separate bank account for the receipt and utilisation of foreign contribution in a bank of your choice and furnish particulars of the same at the appropriate place.

**(B) Documents**

Remember to enclose copies of the following documents with your application:-

(i) Certified copy of registration certificate or Trust deed, as the case may be;

(ii) Details of activities during the last three years;

(iii) Copies of audited statement of accounts for the past three years;

(iv) Commitment letter from foreign donor specifying the amount of foreign contribution (only with prior permission application);

(v) Copy of project for which foreign contribution was solicited/is being offered (only with prior permission application);

(vi) If functioning as editor, owner, printer or publisher of a publication registered under the Press and Registration of Books Act, 1867, a certificate from the Press Registrar that the publication is not a newspaper in terms of section 1 (1) of the said Act.

**(5) Miscellaneous**

Furnish information exactly in the manner asked for in the form, especially the names and addresses of the members of the Executive Committee/Governing Council, etc.

For Handbook (195 pages) and Application Forms, Visit: http://tsbalan.org/fcra/index.html

RNI No. 68089 / 97
2008 April 1

THE DEFENDER

REGISTERED
KL/ALY/0031/2006-08

# ബഥേൽ പി. ജേക്കബ് വായിച്ചറിയാൻ

അടുത്തുകൂടാത്ത വിശുദ്ധിയിൽ വസിക്കുന്ന ബഥേൽ പി. ജേക്കബ് വായിച്ചറിയാൻ ഡിഫെൻഡർ എഴുതുന്നത്,

നിങ്ങളുടെ ലീലാവിലാസങ്ങൾ ഡിഫെൻഡർ വെളിച്ചത്താക്കിയതിൽ നിങ്ങൾക്ക് ഡിഫെൻഡറിനോടു തീർത്താൽ തീരാത്തത്ര വൈരാഗ്യമുണ്ടെന്നറിയാം. റ്റി.എസ്.ബാലനെ ഏതെങ്കിലും കള്ളക്കേസ്സിൽ കുടുക്കാൻ നിങ്ങൾ ശ്രമിക്കുന്നത് ഡിഫെൻഡർ അറിയുന്നുമുണ്ട്. ചില വർഷങ്ങൾക്കു മുൻപ് റ്റി.എസ്. ഏബ്രഹാമിന്റെ ദുർന്നടപ്പ് ഡിഫെൻഡർ വെളിച്ചത്തു കൊണ്ടുവന്നതുമൂലം ഉണ്ടായ കള്ളക്കേസ്സ് ഇപ്പോഴും നിലനിൽക്കുന്നു. പക്ഷേ നാളിതുവരെ ഡിഫെൻഡറിന്റെ വായടപ്പിക്കാൻ റ്റി.എസ് ഏബ്രഹാമിന് കഴിഞ്ഞിട്ടില്ല. പെന്തക്കോസ്തിലെ സകല കള്ളൻമാരും ഒന്നിച്ചുചേർന്നു ശ്രമിച്ചിട്ടും ഡിഫെൻഡർ ഇന്നും നിലനിൽക്കുന്നു. ഇതിൽ അധികമൊന്നും ചെയ്യാൻ നിങ്ങൾക്കും കഴിയുന്നതല്ല. അതുകൊണ്ട് ഡിഫെൻഡറിനെ പേടിപ്പിച്ച് നിശബ്ദനാക്കാം എന്ന കണക്കുകൂട്ടൽ ഉപേക്ഷിക്കുക.

ഡിഫെൻഡറിനു വിവരം തരുന്നവർ എന്നു നിങ്ങൾ കരുതുന്ന ചിലരെ കള്ളക്കേസ്സിൽ കുടുക്കാൻ നിങ്ങൾ നടത്തുന്ന ശ്രമങ്ങളും ഡിഫെൻഡർ അറിയുന്നുണ്ട്. ആവശ്യത്തിലധികം പണം കൈവശമുള്ളതുകൊണ്ട് നിങ്ങൾക്കു പോലീസിനെ വിലക്കു വാങ്ങാനും കള്ളക്കേസ്സുണ്ടാക്കാനും മറ്റും കഴിഞ്ഞേക്കാം. പക്ഷേ ഇതുകൊണ്ടൊന്നും ഡിഫെൻഡർ പേടിക്കില്ല. അറിയേണ്ടതെല്ലാം ഡിഫെൻഡർ അറിഞ്ഞുകഴിഞ്ഞു. അതൊക്കെ ഡിഫെൻഡറിൽ പ്രസിദ്ധീകരിക്കയും ചെയ്യും.

പരമ വിശുദ്ധനായി അഭിനയിച്ചു നടക്കുന്ന നിങ്ങൾ തികഞ്ഞ ആഭാസനാണെന്ന വസ്തുത ഉൾക്കൊള്ളാൻ ഡിഫെൻഡറിന് ഏറെ ബുദ്ധിമുട്ടേണ്ടതായി വന്നു. അതുകൊണ്ട് വിശദമായ അന്വേഷണം നടത്തി എല്ലാ വസ്തുതകളും ബോദ്ധ്യപ്പെട്ടതിനുശേഷമാണ് ഡിഫെൻഡർ നിങ്ങളേക്കുറിച്ച് എഴുതാൻ തുടങ്ങിയത്. ഇനി പിന്നോട്ടില്ല. നിങ്ങൾ ഏതുതരക്കാരനാണെന്ന് ഏവരും അറിയണം. അതിനാവശ്യമായതെല്ലാം ഡിഫെൻഡർ ചെയ്യും.

ചെറിയ തെറ്റുകളും കുറ്റങ്ങളും കുറവുകളും മറ്റും ഏതു വിശുദ്ധന്റേയും ജീവിതത്തിലുണ്ടാകും. അതൊക്കെ അവഗണിക്കാൻ ഡിഫെൻഡർ തയ്യാറാണ്. പക്ഷേ നിങ്ങൾ കാട്ടിക്കൂട്ടിയതൊക്കെ അങ്ങേയറ്റം ഹീനമായ വൃത്തികേടുകളാണ്. രക്ഷിക്കപ്പെടാത്തവർ പോലും ചെയ്യാൻ അറെയ്ക്കുന്ന തോന്ന്യാസങ്ങളാണ്. അതൊക്കെ കണ്ടില്ലെന്നു നടിക്കാൻ പറ്റില്ല. പുണ്യാളന്റെ വേഷം കെട്ടി നിങ്ങൾ ഇനി ഇത്തരം വൃത്തികേടുകൾ കാട്ടിക്കൂട്ടുന്നതു തടയാൻ ആവശ്യമായതൊക്കെ ഡിഫെൻഡർ ചെയ്യും. കള്ളക്കേസ്സിൽ കുടുക്കിയതുകൊണ്ടു ഫലമില്ലെന്നു ചുരുക്കം.



സുവിശേഷവേലക്കെന്നു പറഞ്ഞ് പിരിച്ചെടുത്ത പണം നിങ്ങൾ വ്യഭിചാരത്തിന് ഉപയോഗിച്ചു. അമ്മയേയും മകളേയും ഒന്നിച്ചു വ്യഭിചരിച്ചു. ഒടുവിൽ ആ മകളെ നിങ്ങൾ മറ്റൊരാളുടെ തലയിൽ കെട്ടിവെച്ചു. അയാൾക്ക് വീടും വാഹനവും മറ്റും നൽകി സന്തോഷിപ്പിക്കുന്നു. അതോടൊപ്പം അവരുമായുള്ള ദുർന്നടപ്പ് തുടരുകയും ചെയ്യുന്നു.

പണംകൊടുത്ത് നിങ്ങൾ ഒട്ടേറെ പാസ്റ്റർമാരെ വശീകരിച്ചു. എന്നിട്ട് അവരുടെ ഭാര്യമാരെ നിങ്ങളുടെ ദുഷ്ക്കാമത്തിന് ഇരയാക്കി. എതിർത്തവരെ വിവിധ രീതിയിൽ പീഡിപ്പിച്ചു. സഹകരിച്ചവർക്ക് പണം വാരിക്കോരി നൽകി. അങ്ങനെ, സുവിശേഷവേലയ്ക്കുള്ള പണം നിങ്ങൾ ദുഷ്ക്കാമശമനത്തിനായി വിനിയോഗിച്ചു.

സുവിശേഷവേലയ്ക്കെന്നു പറഞ്ഞ് നിങ്ങൾ നടത്തിയ ഭാരതപര്യടനങ്ങൾ യഥാർത്ഥത്തിൽ വെറിക്കുത്തിന്റെ ഘോഷയാത്രയായിരുന്നു. ആ ജൈത്രയാത്രയിൽ നിങ്ങൾ നിരവധി സ്ത്രീകളുടെ മാനം കവർന്നു. അവരെ നിങ്ങൾ ദുർന്നടപ്പുകാരാക്കി. നിരവധി കുടുംബങ്ങൾ തകർത്തു. നിങ്ങളുടെ പേക്കൂത്തുകൾ കണ്ട് മനസ്സു തഴമ്പിച്ച ഡ്രൈവർ സ്വന്തം ഭാര്യയെ ഉപേക്ഷിച്ച് മറ്റൊരു പെണ്ണിനെ സ്വീകരിച്ചു. അങ്ങനെ കുറച്ചധികമുണ്ട് നിങ്ങൾ ചെയ്തു കൂട്ടിയ വൃത്തികേടുകൾ.

എഫ്.സി.ആർ.എയുടെ കണക്കിൽ പെട്ട പണം ഉപയോഗിച്ച് നിങ്ങൾ നടത്തിയ തിരിമറികൾ ആരും അറിഞ്ഞിട്ടില്ലെന്നു ധരിക്കരുത്. സകല രേഖകളും ഡിഫെൻഡറിന്റെ കൈവശമുണ്ട്. അതിന്റെയൊക്കെ കോപ്പികൾ ആഭ്യന്തര വകുപ്പിന് കൈമാറിയിട്ടുമുണ്ട്. അന്വേഷണമുണ്ടാകും. നിങ്ങളുടെ എഫ്.സി.ആർ.എ പെർമിറ്റ് റദ്ദാകും. ഇനിയും നിങ്ങൾ ഇന്ത്യയിലെത്തുമ്പോൾ നിയമത്തിന്റെ കരങ്ങൾ നിങ്ങളെ തേടിയെത്തും.

സുവിശേഷത്തെ സ്നേഹിച്ച് ദൈവമക്കൾ സംഭാവനയായി തന്ന പണമാണ് നിങ്ങൾ ഈ വിധത്തിൽ ദുർവ്വിനിയോഗം ചെയ്തത്. അതുകൊണ്ട് ഓരോ ചില്ലിക്കാശിനും നിങ്ങൾ കണക്കു പറയേണ്ടതായി വരും. തങ്ങൾ നൽകിയ പണം ദുർവ്വിനിയോഗം ചെയ്യപ്പെട്ടു എന്നറിയുന്നതോടെ സംഭാവന നൽകിയവർ നിങ്ങളോടു കണക്കു ചോദിക്കും.

പകൽ സുവിശേഷയോഗവും ഉണർവ്വും ഊതിവീഴ്ത്തും മറ്റുമായി നിങ്ങൾ ഉറഞ്ഞുതുള്ളി. രാത്രിയിൽ കാമകേളിയുമാടി. എതിർക്കാൻ ആളുണ്ടായില്ല. എല്ലാവരുടേയും വായ് നിങ്ങൾ പണം കൊണ്ട് മൂടി. പെന്തക്കോസ്ത് പത്രങ്ങൾ നല്ലതുമാത്രമേ പറയൂ. അതുകൊണ്ട് നിങ്ങളേപ്പോലുള്ളവരുടെ തോന്ന്യാസങ്ങൾ പൊതുജനം അറിയാതെപോകുന്നു. പക്ഷേ സത്യം പറയാനുള്ള ധൈര്യം ഡിഫെൻഡറിനുണ്ട്. അതുകൊണ്ട് നിങ്ങളുടെ തനിനിറം ഇതാ പൊതുജനം കാണുന്നു. ഇത് ദൈവീക ന്യായവിധിയാണ്.

നിങ്ങളേക്കാൾ നല്ലവരായ നിരവധി ദൈവദാസൻമാരെ നിങ്ങൾ അവഹേളിക്കയും അപവാദങ്ങൾ പ്രചരിപ്പിച്ച് കണ്ണീരു കുടിപ്പിക്കയും ചെയ്തിട്ടുണ്ട്. അവരുടെ നെടുവീർപ്പിന്റെ ശബ്ദം ഇന്നും അന്തരീക്ഷത്തിൽ മുഴങ്ങുകയാണ്. ഹാബേലിന്റെ നിലവിളി കേട്ട ദൈവം ഇന്നും ജീവിക്കുന്നു. ആ ദൈവമാണ് ഡിഫെൻഡറിനേക്കൊണ്ട് ഇതൊക്കെ ചെയ്യിക്കുന്നത്.

രക്ഷപ്പെടുവാൻ ഇനിയും നിങ്ങൾക്കാകും. കുറ്റം ഏറ്റുപറയുക, അനുതപിക്കുക, ജീവിതത്തെ ക്രമീകരിക്കുക, ഇനി പാപം ചെയ്യില്ലെന്നു പ്രതിജ്ഞയെടുക്കുക. ദൈവം നിങ്ങളുടെ തെറ്റ് പൊറുത്തുതരും. എന്നാൽ നിങ്ങൾ വീണ്ടും കൂടുതൽ പാപം ചെയ്യാൻ തയ്യാറായാൽ ഇഹലോകത്തും പരലോകത്തും നിങ്ങൾക്കു രക്ഷകിട്ടില്ല. നിങ്ങൾ പരസ്യകോലമാകും, തീർച്ച.



## വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ

വീട്ടിലിരുന്ന്, പരസഹായം കൂടാതെ, ദൈവവചനം പഠിക്കാൻ സഹായകമായ എം.പി.3 ഓഡിയോ സീഡികൾ. കമ്പ്യൂട്ടറിലും വി.സി.ഡി./ഡി.വി.ഡി പ്ലെയറിലും ഉപയോഗിക്കാം. ഒരു സി.ഡിയിൽ 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. 10 സി.ഡികളിലായി 100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. വില: 900 രൂപ.

**വിഷയവിവരം:**

സി.ഡി.-1: അടിസ്ഥാന വേദോപദേശങ്ങൾ (രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, കൂട്ടായ്മ, തിരുവത്താഴം, പ്രാർത്ഥന, വിശ്വാസജീവിതം തുടങ്ങിയവ).
സി.ഡി.-2: കൾട്ടുകൾ (കൾട്ടിന്റെ ലക്ഷണങ്ങൾ, യഹോവാസാക്ഷികൾ, ശാബതുകാർ, ബ്രൻഹാമിസം, റ്റി.പി.എം, മൊർമോൺ, ആത്മാവ്, നരകം, ത്രിത്വം.....).
സി.ഡി.-3: ആത്മലോകം (അദൃശ്യലോകം, കൃപാവരങ്ങൾ, ആത്മവിവശത, ദൈവദൂതൻമാർ, സാത്താന്യ തന്ത്രങ്ങൾ, ഭൂതബാധ, ഒക്കൾട്ട്, വഞ്ചിക്കുന്ന പിശാച്).
സി.ഡി.-4: ദുരുപദേശങ്ങൾ (ഉപദേശവും ദുരുപദേശവും, സ്വർഗ്ഗരാജ്യം, പൗരോഹിത്യം, കൂദാശകൾ, കന്യാമറിയം, വിശുദ്ധൻമാർ, സെന്റ് തോമസ്, പെരുന്നാളുകൾ).
സി.ഡി.5: ലോക മതങ്ങൾ (മതങ്ങളുടെ ഉത്ഭവം, ഹിന്ദുമതം, പ്രജാപതിപ്രശ്നം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്ക് മതം, സൊരവാസ്ട്രിയൻ മതം.....).
സി.ഡി.-6: വ്യാഖ്യാനശാസ്ത്രം (പഴയനിയമവ്യാഖ്യാനം, പുതിയനിയമവ്യാഖ്യാനം).
സി.ഡി.-7: ഭാവികാലശാസ്ത്രം (ഭാവികാലവും ബൈബിളും, മരണാനന്തരജീവിതം, യേശുവിന്റെ മടങ്ങിവരവ്, 70 ആഴ്ചവട്ടം, വെളിപ്പാടുപുസ്തകം, ന്യായവിധികൾ).
സി.ഡി.-8: ബൈബിളിൽ തെറ്റുണ്ടോ? (ബൈബിളിൽ തെറ്റുണ്ടെന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-9: ദൈവശാസ്ത്രപരമായ സംശയങ്ങൾ (ദൈവശാസ്ത്രവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-10: ധാർമ്മിക പ്രശ്നങ്ങൾ (ആത്മാവിന്റെ പ്രമാണം, വൈവാഹിക പ്രശ്നങ്ങൾ, കുടുംബജീവിതം, മദ്യവും മയക്കുമരുന്നും, ആഭരണപ്രശ്നം തുടങ്ങിയവ).

## നിങ്ങൾക്കും പ്രസംഗകനാകാം

പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങളാണ് ഈ സി.ഡികളിൽ ഉള്ളത്. എം.പി.3 ഫോർമാറ്റിൽ 10 സി.ഡികൾ. ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒഴിവാക്കുന്നതിനും വസ്തുനിഷ്ഠമായി ദൈവവചനം പ്രസംഗിക്കുന്നതിനും സഹായകം. ദൈവവചനം പ്രസംഗിക്കുന്നവർക്കുവേണ്ടി തയ്യാറാക്കിയത്. വില: 900 രൂപ.

സി.ഡി.-1: പുതിയനിയമം, പ്രോഗ്രസ് റിപ്പോർട്ട്, അജ്ഞാതദേവൻ, പ്രാകൃതമനുഷ്യൻ, എല്ലാം നൻമക്കായി, നിർമ്മല കന്യക, അധർമ്മത്തിന്റെ മർമ്മം, പരിശോധന, ഇവയിലധികമായി, നല്ല ശമര്യാക്കാരൻ.... തുടങ്ങിയവ.
സി.ഡി.-2: സ്നാപകൻ, കള്ളൻമാരുടെ ഗുഹ, മറുരൂപമലയിൽ, ധനവാനും ലാസറും, വചനംജഡമായി, ജീവജലം, സാക്ഷികൾ, എലീമാസ്, ചെന്നായ്ക്കൾ, സുവിശേഷം.
സി.ഡി.-3: നസ്രായൻ, നഷ്ടപ്പെട്ടവ, കാനായിൽ, വേലക്കാർ, ഓഡിനേഷൻ, വിപ്ലവം, പത്തുകന്യകമാർ, സത്യസുവിശേഷം, ന്യായവിധി, സാത്താന്റെ ദൂതൻ.
സി.ഡി.-4: ആത്മീയയുദ്ധം, വേർപാട്, ഓട്ടക്കളത്തിൽ, ഏക മദ്ധ്യസ്ഥൻ, ദുരുപദേശം, ഒനേസിമൊസ്, ഏകലക്ഷ്യം, മരിച്ചവരോടും, പ്രതിരോധം, വ്യാജൻമാർ.
സി.ഡി.-5: ദുരുപദേശക്കാർ, ദൈവമക്കൾ, ദുഷ്ടഹൃദയം, അടിസ്ഥാനം, ശുശ്രൂഷകർ, ഇണയല്ലാപ്പിണ, ശുദ്ധവും അശുദ്ധവും, പിതൃദേശം, ദൃഷ്ടാന്തങ്ങൾ, നല്ല ഇടയൻ.
സി.ഡി.-6: വെളിച്ചം, അത്ഭുതവിടുതൽ, ബലവാൻ, തൈലാഭിഷേകം, അടയാളങ്ങൾ, ദൈവംനട്ടത്, പൂർണ്ണസുവിശേഷം, ദേഹിയും ആത്മാവും, ശരിയായ സ്നാനം......
സി.ഡി.-7: പോരാട്ടം, യേശു ആര്?, സഭയെന്ന ദൈവാലയം, പാതാള ഗോപുരങ്ങൾ, സ്വർഗ്ഗരാജ്യം, ഇടർച്ചക്കാരൻ, പിൻമാറ്റം, മൂപ്പൻമാർ, തിരുവചനം, സൈമണി.
സി.ഡി.-8: മുന്തിരിവള്ളി, തിൻമയ്ക്കെതിരേ, നിത്യജീവൻ, അയയ്ക്കപ്പെട്ടവർ, എഴുന്നേറ്റുനടക്ക, പുനരുത്ഥാനം, നിത്യ പൗരോഹിത്യം, വീണ്ടുംജനനം......
സി.ഡി.-9: സത്യനമസ്ക്കാരം, ഉപവാസം, പാപം ചെയ്യാത്തവർ, കരുണയിൽ, തെറ്റിയൊഴിയുമോ, കുരുടൻമാർ, ശുശ്രൂഷകർ, മൂന്നു പരീക്ഷകൾ, തലീഥ കുമി....
സി.ഡി.-10: മാനസാന്തരപ്പെടുക, മരണപര്യന്തം, സാത്താന്റെ സിംഹാസനം, എല്ലാം കാണുന്നവൻ, ഉണരുക, തുറന്ന വാതിൽ, വാതിൽക്കൽ, ദൈവം മനുഷ്യരോടൊപ്പം.

വില: (ഇന്ത്യയിൽ) 10 സി.ഡികളുടെ സെറ്റ് - 900 രൂപ. രണ്ടു സെറ്റുകളും ചേർത്ത്-1800 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. ഏതെങ്കിലും ഒരു സെറ്റ് - US$ 50 or Rs.2000/-. രണ്ടു സെറ്റുകളും ചേർത്ത്- US$ 100 or Rs.4000/-. പോസ്റ്റേജ് സൗജന്യം. യു.എ.ഇ., സൗദി എന്നീ ഗൾഫ് രാജ്യങ്ങളിൽ സി.ഡി നേരിട്ട് എത്തിച്ചുകൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ബഹ്റിൻ: ബ്രദർ ആൻഡ്രൂസ്: Ph-39892236. മറ്റ് ഗൾഫ് രാജ്യങ്ങളിലുള്ളവർ വിലയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക.

വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

പ്രത്യേക ശ്രദ്ധക്ക്: ഡിഫെൻഡറിന്റെ പേരിൽ ചെക്ക്/ഡി.ഡി അയയ്ക്കരുത്. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല.

**Address: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683 542**

Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan